മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നത്.

പുസ്തകം 4 | 1950 ഏപ്രിൽ * മീനം 1125 | ലക്കം 6

ചിന്തിക്കുക!

അവനു രൂപഗുണമില്ല, കോമളത്വമില്ല. കണ്ടാൽ ആഗ്രഹിക്കത്തക്ക സൌന്ദര്യവുമില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു................അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യം വന്നുമിരിക്കുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരിക്കുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി. (യെശയ്യാ. 53: 2–6)

കടമ്പനാട്ടു ഹോറേബ് ദയറായുടെ പിരിവു ലിസ്റ്റ്.

തുടൎച്ച	രൂപാ.
ഡാ. പി. എൻ. മാത്യു, വിതുര A. O.	5
കെ. സി. ചാക്കോ, ഇടത്വാ	5
വടശേരിയത്തു ചിന്നമ്മ	2
മണ്ണിക്കോയിക്കൽ ഇടിക്കുളേച്ചൻ	20
കോന്നി, ഓ. സു. പള്ളി	30
Rev. സി ജി. എബ്രാഹം ബി. എ.	3
വടശേരിയത്ത് മറിയാമ്മ	3
സി. ജി. ജോൎജ്ജ്	5
തേവൎകാട്ടിൽ വറുഗീസ്	5
കുളത്തുങ്കൽ സി. കെ. മത്തായി	2
പള്ളിവാതുക്കൽ ഫാ. അലക്സാണ്ടർ	5
അമ്പ്രയിൽ വറുഗീസ്, ഇടത്വാ	5
വള്ളക്കാലിൽ കുഞ്ഞൂഞ്ഞ്	10
വ. ദി. ശ്രീ. പത്രോസ് റമ്പാൻ	10
റവ. ഫാ. ഈ. മത്യൂസ്, ഓതറ.	1

കടമ്പനാട്.

ദിവ്യശ്രീ മത്തായികത്തനാർ	5
റ്റി. ഏ. വറുഗീസ്	3
ജോൎജ്ജ് കമ്പൗണ്ടർ	5
കെ. ഓ. ചെറിയാൻ	5
പി. ജി. മത്തായി	2
ടി തോമസ്	2
റ്റി. ജി. തോമസ്	5
റ്റി. ജി. ചെറിയാൻ	5
റ്റി. ജി. മാമ്മൻ	3
യോഹന്നാൻ എള്ളുവിള	3
നെടുമ്പ്രത്ത് മത്തായി	2
നല്ലതുണ്ടിൽ മാമ്മൻ	4
ചക്കാലയിൽ ഗീവറുഗീസ്	5
പുത്തൻപുരയിൽ ചെറിയാൻ	2
ടി. മാത്തൻ	2
നല്ലതുണ്ടിവിളയിൽ ജോൎജ്ജ്	5
പി. ജി. വറുഗീസ്	2
ഉതരാംപൊയ്കയിൽ അബ്രഹാം	2
പി സി. ജോൎജ്ജ് ബി. ഏ.	5
വിദ്വാൻ പാപ്പി	3
മുണ്ടപ്ലാവിളയിൽ മത്തായി	2
വിളയിൽ പറമ്പിൽ ചാക്കോ	2
മിസ്റ്റർ ലൂക്കോസ്	5
പി. ജി. ജോൎജ്ജ് (ബാങ്കർ)	3

	രൂപാ.
എം. ഡി. ഡേവീഡ്	1
കളിക്കൻ വറുഗീസ്	1
സി. ഉണ്ണൂണ്ണി	2
പിലാവിള ദാനിയേൽ	1

തുടരും.

6-ാം പേജിന്റെ തുടൎച്ച.

ക്കൻ സഭയുടെ വിശ്വാസാചാരങ്ങളിൽ തൃപ്തിയുള്ള മാൎത്തോമ്മാ സഭാംഗങ്ങളുണ്ടെങ്കിൽ അവരെക്കൂടി നമ്മിലേക്ക് ആകൎഷിച്ച് ഒരു സഭാ ഐക്യം സൃഷ്ടിക്കുന്നതു പ്രയോജനകരമായിരിക്കും എന്ന് എനിക്കു തോന്നുന്നു. സ്വതന്ത്രഭാരതത്തിൽ ക്രിസ്തുവിന്റെ ഇഷ്ടം നിൎവ്വഹിക്കത്തക്കവണ്ണം മുമ്പോട്ടുപോകുവാൻ, നമ്മുടെ സത്യവിശ്വാസത്തിന് യാതൊരു വിധത്തിലും ഹാനികരമല്ലാത്ത വിധത്തിലുള്ള ഒരു യോജിപ്പു പ്രയോജനകരമായിരിക്കും.

ദുഃഖവെള്ളിയാഴ്ച

കുരിശു കുമ്പിടുമ്പോൾ ചൊല്ലാവുന്നത്.

(സഭാ കവിയാൽ രചിക്കപ്പെട്ടത്)

നാഥാ കൃപചെയ്തീടണമെ-മഹിതമതാം
നിൻ മഹാശയാൽ എന്ന മട്ടിൽ

ഞങ്ങൾക്കാത്മാവിൽ മുക്തി
നൽകിയതാം നിൻ സ്ലീബായെ
കുമ്പിട്ടെങ്ങൾ കൎത്താവേ,
കള്ളനോടൊപ്പം കേ-ഴ-ന്നു
ഓൎത്തീ-ടണമേ നീ വന്നീ-ടുമ്പോൾ
ഞങ്ങളെ നിൻ ലാജ്യേ.

കുരിശു മുത്തുമ്പോൾ ഈ ഗീതവും, ഞങ്ങളുടെ ആത്മത്തിന്നതിനാലേ എന്നിത്യാദിയായ മൊഴിയും മാറിമാറി ചൊല്ലാവുന്നതാകുന്നു - പ.

ഫോൺ.

കോട്ടയം പഴയ സിമ്മനാരിയിൽ ഫോൺ സ്ഥാപിച്ചിരിക്കുന്നു. നമ്പർ 126.

അടുത്ത ലക്കത്തിൽ.

ചിങ്ങവനം വ്യവസ്ഥകളും അതിന്മേൽ പാത്രിയൎക്കീസ് അയച്ചിട്ടുള്ള വ്യവസ്ഥകളും.

മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നതു്.

പുസ്തകം 4 | 1950 ഏപ്രിൽ * മീനം 1125 | ലക്കം 6

പത്രാധിപക്കുറിപ്പുകൾ.

കാതോലിക്കാദിനാചരണം.

ഈ വർഷവും നോമ്പിലെ മുപ്പത്താറാം ഞായറാഴ്ച (മാർച്ച് 26) നമ്മുടെ എല്ലാ പള്ളികളിലും കാതോലിക്കാദിനം യഥായോഗ്യം കൊണ്ടാടപ്പെട്ടു. ചിരസ്മരണാർഹനായ വി: മോറാൻ മാർ അബ്ദുൽമിശിഹാ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ സഹകരണത്തോടുകൂടി മലങ്കരയിൽ പുനഃസ്ഥാപിതമായ കാതോലിക്കാസിംഹാസനം അതിന്റെ കാനോനികമായ സർവവിധ അധികാരാവകാശങ്ങളോടുംകൂടി സംരക്ഷിക്കപ്പെടണമെന്നു നിശ്ചയിച്ചു. കാതോലിക്കാസിംഹാസനത്തിൻ കീഴിൽ ഭക്തിപൂർവം സംഘടിച്ചുനിന്നു സഭയുടെ പുരോഗമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചും ആ സിംഹാസനത്തിന്മേൽ വാഴുന്ന പരിശുദ്ധ പിതാവിന് ആയുരാരോഗ്യമംഗളങ്ങൾ ആശംസിച്ചും നിരവധി സന്ദേശങ്ങൾ സമുദായ ആപ്പീസിൽ ലഭിച്ചിട്ടുണ്ട്.

യുവജനസംഘടന.

വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു പള്ളികൾക്കയച്ച 509-ാംനമ്പർ കല്പന സഭാംഗങ്ങളായ ഏവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു വിശ്വസിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളിലും യുവജനസംഘടനകൾ രൂപീകരിക്കപ്പെടണമെന്നു പ്രസ്തുത കൽപ്പനയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സഭാകാര്യങ്ങളിൽ യുവജനങ്ങൾ സജീവമായി പങ്കെടുക്കുന്നതിനുള്ള ഒരു ആഹ്വാനമത്രെ പ്രസ്തുത കൽപ്പനാമൂലം തിരുമനസ്സുകൊണ്ടു നൽകിയിരിക്കുന്നതു്.

യുവജനങ്ങൾ ആദർശപ്രേമികളാണു്. ആദർശങ്ങളുടെ പിന്നാലെ പോകുന്നതിനു വലിയ വിവേചനയൊന്നും അവർക്കാവശ്യമില്ല. അവർ പ്രവർത്തനതൽപരരാണു്. ഇൻഡ്യയെ ബ്രിട്ടീഷ് മേധാവിത്വത്തിൽനിന്നും സ്വാതന്ത്ര്യപ്പെടുത്തുന്നതിനുവേണ്ടി ഭാരതീയരായ യുവാക്കന്മാർ നിർവഹിച്ചിട്ടുള്ള അതുല്യസേവനങ്ങളുടെ ചരിത്രം നമുക്കു് അറിവുള്ളതാണല്ലോ. തിരുവിതാംകൂറിന്റെ രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടി ഈ രാജ്യത്തിലെ യുവജനങ്ങൾ തങ്ങളുടെ കഴിവുകളെ അങ്ങേ അറ്റംവരെ വിനിയോഗിച്ചിട്ടുണ്ടു്. ഒരു രാഷ്ട്രത്തോടു് അതിന്റെ പ്രജകൾക്കുള്ളതിനെക്കാൾ മഹത്തായ ചുമതലയാണു സഭാംഗങ്ങൾക്കു മാതാവായ സഭയോടുള്ളതു്. സഭ ക്രിസ്തുവിന്റെ ശരീരമാകയാൽ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹമത്രെ. "ക്രിസ്തുവിനോടുള്ള സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? ....മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മററു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കാൻ കഴിക

യില്ല” (റോമ. 8:35-39) അതിനാൽ സഭാംഗങ്ങൾ സഭാസ്നേഹമുള്ളവരും അതിന്റെ വിശ്വാസത്തിൽ അടിയുറച്ചുനിൽക്കുന്നവരും, അതിനു വിപരീതമായി വരുന്ന പാതാളശക്തികളോടു ചെറുത്തുനിൽക്കാൻ തക്ക ആത്മബലം ഉള്ളവരും ആയിരിക്കണം.

ഇന്നു വിവിധങ്ങളായ ആശയഗതികളെ നാം നേരിടേണ്ടതുണ്ടു്. ഏതിനെയാണു പിൻചെല്ലേണ്ടതു്? നാം അഭിമുഖീകരിക്കുന്ന സംഗതികൾ സഭയുടെ സത്യങ്ങൾക്കും തത്വങ്ങൾക്കും അനുയോജ്യമോ എന്നു നല്ലതിനണ്ണം ചിന്തിക്കണം. നമ്മുടെ സഭയിലെ കക്ഷിപിണക്കം ഇന്നു യുവലോകത്തെ വല്ലാതെ വേദനിപ്പിക്കുന്നുണ്ടു്. നമ്മുടെ സഭയുടെ നിലനില്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാൻ പാടില്ലാത്ത അത്യാവശ്യമായി നാം പരമാർത്ഥമായി വിശ്വസിച്ചുവരുന്ന കാതോലിക്കാസിംഹാസനത്തെയും അതിന്റെ കാനോനികമായ അധികാരാവകാശങ്ങളെയും പരിത്യജിച്ചുള്ള ഒരു സമാധാനം ദൈവഹിതമല്ല എന്നു വിളിച്ചറിയിക്കുന്നുണ്ടു. സമാധാനത്തിനുവേണ്ടി ത്യാഗം സഹിക്കണം എന്നു ചില സമാധാനകാംക്ഷികൾ പറയാറുണ്ടു്. സത്യത്തെ സന്ത്യജിക്കുന്നതോ ത്യാഗം? അതു ത്യാഗമല്ല, അവിശ്വസ്തതയത്രെ. കർത്താവു്, താൻ ദൈവപുത്രനല്ല എന്നു പറഞ്ഞിരുന്നെങ്കിൽ കഷ്ടതകളും ക്രൂശാരോഹണവും കൂടാതെ കഴിക്കാമായിരുന്നു. പീലാത്തോസിന്റെ കോടതിയിൽ ശത്രുക്കളുടെ മദ്ധ്യേ വിസ്തരിക്കപ്പെട്ട അവസരത്തിലും താൻ ദൈവപുത്രനാണെന്നുള്ള യാഥാർത്ഥ്യം അവിടുന്നു തുറന്നു പ്രസ്താവിക്കയാണു ചെയ്തതു്.

സഭാസംബന്ധമായ സംഗതികളിൽ നമ്മുടെ യുവജനങ്ങൾ ഇനിയും വേണ്ടത്ര ജ്ഞാനം സമ്പാദിച്ചിട്ടില്ല. ഓരോ ഇടവകയിലും സ്ഥാപിക്കപ്പെടുന്ന യുവജനസംഘടനമൂലം ഉദ്ദേശിക്കപ്പെടുന്ന സംഗതികളിൽ പ്രധാനമായിട്ടുള്ളതു് അതിലെ അംഗങ്ങൾ സഭയുടെ വിശ്വാസം ഉപദേശങ്ങൾ ആചാരങ്ങൾ ചരിത്രം എന്നിവ പഠിക്കുക എന്നുള്ളതത്രെ. പരിജ്ഞാനമില്ലാത്ത ജാതി നശിച്ചുപോകും എന്നു പ്രവാചകൻ പറഞ്ഞിരിക്കുന്ന വസ്തുത ഇന്നു നമ്മെ സംബന്ധിച്ചു പരമാർത്ഥമല്ലയോ? നമ്മുടെ സഭയുടെ സത്യവിശ്വാസത്തെയും സ്വർഗ്ഗീയ ആരാധനകളെയും നിർമ്മല അനുഷ്ഠാനങ്ങളെയും പരിത്യജിച്ചു സഭാപരിവർത്തനത്തിനും മററും ആരെങ്കിലും പ്രേരിതരാകുന്നെങ്കിൽ അതു് അവയെപ്പററിയുള്ള അവരുടെ അജ്ഞതകൊണ്ടുകൂടിയാണു്. ഇന്നു കേരളത്തിൽ കാണുന്ന സഭാവിഭാഗങ്ങളെല്ലാം നമ്മിൽനിന്നു പിരിഞ്ഞവയാണു്. അവയുടെ ആവിർഭാവത്തിനു കാരണവും ഇതുതന്നെയല്ലയോ? നമ്മുടെ സഭയുടെ അതുല്യ മഹിമ അറിയുന്ന ഒരുവനു് എങ്ങനെ അതിനെ പരിത്യജിക്കാൻ കഴിയും? ആകയാൽ യുവജനങ്ങൾ സത്യത്തിനു സാക്ഷിനിൽക്കുവാൻ സംഘടിക്കണം. സഭാസംബന്ധമായ പരിജ്ഞാനം സമ്പാദിക്കുവാൻ കഴിഞ്ഞാൽ മതി. ഇന്നത്തെ കക്ഷിപിണക്കം അവസാനിക്കുവാൻ. പ്രക്ഷോഭണമോ മുദ്രാവാക്യമോ കൊണ്ടു യുവഹൃദയങ്ങളെ ചൂടുപിടിപ്പിക്കാമെന്നല്ലാതെ അവ നിർപ്പും സമാധാനവുമാകുന്ന പനിമഞ്ഞിനെ തളിക്കാൻ പര്യാപ്തങ്ങളാകയില്ല.

ഓരോ ഇടവകയിലും സംഘടിക്കുന്ന സംഘടനകൾ സഭാമേ – ന്ദ്രന്മാരോടും സഭാദ്ധ്യക്ഷനോടും വിശ്വസ്തമായിരിക്കേണ്ടതാണു്. സഭാപിതാക്കന്മാരായ മേല്പട്ടക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്കു വിധേയമായി അവ പ്രവർത്തിക്കേണ്ടതാണു്. ഇതു സംബന്ധിച്ചു പരി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു് അംഗീകരിച്ചിട്ടുള്ള ഒരു ഘടന സമുദായ ആപ്പീസിൽ ഉണ്ടു്. സെക്രട്ടറി, സമുദായ ആപ്പീസ്, സുറിയാനിസിമ്മനാരി, കോട്ടയം എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

ഓരോ ഇടവകയിലും സംഘടിപ്പിക്കപ്പെടുന്ന സംഘടനകളെ സംബന്ധിച്ചുള്ള വിവരം പ്രവർത്തകർ ഇവിടെ അറിയിക്കുന്നതു് ഇതര ഇടവകകളിലും സംഘടനകൾ സ്ഥാപിക്കുന്നതിനു പ്രയോജനകരമായിരിക്കും എന്ന വസ്തുത ഞങ്ങൾ പ്രത്യേകം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ മാസികദ്വാരാ പ്രസിദ്ധപ്പെടുത്തുന്നതിനും ഞങ്ങൾക്കു സന്തോഷമുണ്ടു്.

വി: കാതോലിക്കാബാവാ തിരുമനസ്സിലെ അഭീഷ്ടവും ആഹ്വാനവും അനുസരിച്ചു മലങ്കരയിലുള്ള എല്ലാ ഇടവകകളിലെയും യുവജനങ്ങൾ തികച്ചും ക്രിസ്തീയമായ ഒരന്തരീക്ഷത്തിൽ സംഘടിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇടവകയിലെ സണ്ടേസ്കൂൾ, സുവിശേഷവേല, അനാഥസംരക്ഷണം എന്നിങ്ങനെ അനവധി ക്രിസ്തീയ വേലകൾക്കു ഈ സംഘടനയുടെ നേതൃത്വത്തിൽ ഫലപ്രദമായി നിർവഹിക്കുവാൻ കഴിയും.

ബിഷപ്പ് വെസ്റ്റ കോട്ട്.

ഇൻഡ്യയുടെ ആംഗ്ലിക്കൻ മെത്രാപ്പോലീത്താ ആയിരുന്നു ദേഹവിയോഗമടഞ്ഞ ബിഷപ്പ് വെസ്റ്റ്കോട്ടിന്റെ നിര്യാണത്തെപ്പററി കേട്ടിട്ടില്ലാത്തവർ ഈ കേരളക്കരയിൽ അധികം കാണുമെന്നു തോന്നുന്നില്ല. ആംഗ്ലിക്കൻ സഭയിലെ ഒരു ബിഷോപ്പിനെപ്പററി "മലങ്കരസഭ"യിൽ വ്യവഹരിക്കേണ്ട ആവശ്യം എന്താണെന്നു പലരും സംശയിച്ചേക്കാം. ഒന്നിലധികം കാരണങ്ങൾകൊണ്ടു അദ്ദേഹം സ്മരണാർഹനാണ്.

സുറിയാനിസഭയിൽ സമാധാനം ഉണ്ടായിക്കാണുവാൻ അദ്ദേഹം ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യയിലെ ആംഗ്ലേയസഭയ്ക്കു സ്വാതന്ത്ര്യം കൈവരുത്തുന്നതിനുവേണ്ടി പ്രധാനമായി പ്രവർത്തിച്ച ആൾ എന്നുള്ള നിലയിലും അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ പ്രത്യേകം സ്മരിക്കേണ്ടതാണു. ഇൻഡ്യയിലെ ആംഗ്ലേയസഭയ്ക്കു അതിന്റെ നന്മയെയും, സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യതകളെയും പുരസ്കരിച്ചു ചോദിക്കാതെതന്നെ സ്വാതന്ത്ര്യം നൽകാമെന്നു നിശ്ചയിച്ച അതിന്റെ മേലധികാരികളുടെ മനസ്ഥിതി എത്രമാത്രം നിസ്വാർത്ഥമാണെന്നു നാം ധരിക്കേണ്ടതാണ്. ഇന്ത്യൻ സഭയ്ക്കു സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്തുകൊണ്ടു കാൻറർബറി ആർച്ചുബിഷോപ്പ് ചെയ്ത പ്രഖ്യാപനത്തിൽ പറഞ്ഞതു് ഇന്ത്യയിലെ പുത്രീസഭയ്ക്കു പ്രായപൂർത്തി വന്നിരിക്കുന്നതിനാൽ അവളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള സമയമായെന്നും അവളുടെ സ്ത്രീധനമായി ഇത്രയും തുക കൊടുക്കുന്നതിനു് ഇംഗ്ലണ്ടിലെ സഭാമാതാവു നിശ്ചയിച്ചു എന്നുമത്രെ. അവരുടെ ഇൻഡ്യയിലെ സഭയ്ക്കു് അവർ സ്വാതന്ത്ര്യമനുവദിച്ചു എന്നു മാത്രമല്ല, അതു കാലിൽ നിൽക്കത്തക്കവണ്ണം ഉദാരമായ സംഭാവനകൾ കൊണ്ടു് അതിനെ സഹായിക്കയും ചെയ്തിട്ടുണ്ടു്. എത്ര വിശാലമായ ഒരു മനോഭാവമാണു് ഇതിൽ പ്രകടമായിരിക്കുന്നതു്.

ബിഷപ്പ് വെസ്റ്റ്കോട്ടിനെ സ്മരിക്കേണ്ട വേറൊരു സംഗതികൂടെയുണ്ടു്. ആയതു് ഇൻഡ്യയുടെ സ്വാതന്ത്ര്യസംരംഭത്തിൽ അതിനു് അദ്ദേഹം എപ്പോഴും ധാർമ്മിക പിന്തുണ നൽകിയിട്ടുണ്ടു് എന്നുള്ളതാണ്. ഒരു ആംഗ്ലേയൻ എന്നുള്ള നിലയിൽ അദ്ദേഹം ഒരിക്കലും ബ്രിട്ടീഷ് ഗവർമ്മെൻറിനെ ഇക്കാര്യത്തിൽ പിന്താങ്ങിയിട്ടില്ല. അദ്ദേഹം മഹാത്മാഗാന്ധിയുടെ വിശ്വാസം ആർജ്ജിച്ച സി.എഫ് ആൻഡ്രൂസിനെപ്പോലെയുള്ള ഒരു ആംഗ്ലേയനായിരുന്നു. വർഗ്ഗീയവൈരം പറഞ്ഞുതീർക്കുന്നതിനു മഹാത്മാഗാന്ധി നിർദ്ദേശിച്ച ഒരു കമ്മറ്റിയിൽ അദ്ദേഹം കൂടി ഉൾപ്പെട്ടിരുന്നു.

പ്രായാധിക്യംകൊണ്ടു തന്റെ ഉദ്യോഗം രാജിവച്ചശേഷം ശിഷ്ടായുസ്, തന്റെ രണ്ടാമത്തെ ജന്മഭൂമിയായി തിരഞ്ഞെടുത്ത ഇന്ത്യയിൽതന്നെ ചെലവാക്കാനാണു് അദ്ദേഹം തീരുമാനിച്ചതു് ഇന്ത്യൻ ജനതയെ അദ്ദേഹം സ്വന്തം ജനങ്ങളായി പരിഗണിക്കയും സ്നേഹിക്കയും ചെയ്തു. ഇൻഡ്യയിലെ ആംഗ്ലിക്കൻ സഭയെ ചർച്ചു് ഓഫ് ഇംഗ്ലണ്ടിന്റെ നിത്യ അടിമയായി വച്ചുകൊണ്ടിരിക്കണമെന്നുള്ള ഉദ്ദേശത്തോടെ ലാക്കോടുംകൂടി അദ്ദേഹം പ്രവർത്തിച്ചിരുന്നെങ്കിൽ അദ്ദേഹം ഈവിധം ജനഹൃദയങ്ങളിൽ ആരാധ്യനാകുമായിരുന്നുവോ?

കോട്ടയം തിയോളജിക്കൽ സിമ്മനാരി ദിനാഘോഷാവസരത്തിൽ പ്രഫസർ പി. ജി. മാത്യൂ ചെയ്ത പ്രസംഗം.

സഭാസമാധാനത്തിനുവേണ്ടി ചിങ്ങവനം മാർ അപ്രേം സിമ്മനാരിയിൽവച്ചു് ഏതാനും ചിലർകൂടി രൂപീകരിച്ച വ്യവസ്ഥകൾ ഇതിനകം എല്ലാവരുടെയും ശ്രദ്ധയിൽപെട്ടിട്ടുണ്ടല്ലോ. അവ സഭയുടെ ശാശ്വതസമാധാനത്തിനും പുനരാഗമനത്തിനും പര്യാപ്തമോ?

അവിടെ മേൽപ്പട്ടക്കാർ കൂടി ചെയ്ത ആദ്യത്തെ രണ്ടു നിശ്ചയങ്ങൾ സഭാസമാധാനത്തിൻെറ കവാടം തുറന്നുതരുവാൻ ഏതാണ്ടു പര്യാപ്തമായിരുന്നു. അവ അന്ത്യോക്യാപാത്രിയർക്കീസിൻെറ ആത്മീകാധികാരം സമ്മതിച്ചും, അടുത്തതു് മലങ്കരസഭയ്ക്കു പരിപൂർണ്ണ ഭരണസ്വാതന്ത്ര്യത്തോടുകൂടിയുള്ള കാതോലിക്കേറ്റു് അംഗീകരിച്ചും ഉള്ളവയായിരുന്നു. ഈ രണ്ടു നിശ്ചയങ്ങളും പിറേറദിവസം രൂപീകരിക്കപ്പെട്ട ഒൻപതു വ്യവസ്ഥകളും പൂർവാപരവിരുദ്ധങ്ങളായിരുന്നു. ആ ഒൻപതു വ്യവസ്ഥകൾ അപൂർണ്ണങ്ങളും പൂർണ്ണമാക്കപ്പെടുവാൻ സാധിക്കാത്തവയുമായിരുന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും ശാശ്വതമായ നിലനില്പിനും അത്യന്താപേക്ഷിതമായിട്ടുള്ളതു് ഒരു കാനോനിക കാതോലിക്കേറ്റാണു്. ദൈവകൃപയാൽ കാനോനികമായ എല്ലാ അധികാരാവകാശങ്ങളോടുംകൂടിയ ഒരു കാതോലിക്കാസ്ഥാപനം ഇവിടെയുണ്ടു്. ഈ ദിവ്യസ്ഥാപനത്തിനുവേണ്ടിയാണു നാം നിലകൊള്ളുന്നതു്. അതിനു ഹാനി വരത്തക്കവണ്ണമുള്ള യാതൊരു വ്യവസ്ഥയും നമുക്കു് അഭിവൃദ്ധികരമായിരിക്കയില്ല. അതിനാൽ നമ്മുടെ ചിന്തയും പ്രാർത്ഥനയും കാതോലിക്കാസ്ഥാപനത്തിനുവേണ്ടിയായിരിക്കണം.

സമാധാനസ്ഥാപനാർത്ഥം ചിങ്ങവനത്തുവച്ചു സത്യാഗ്രഹം നടത്തപ്പെട്ടു. അവിടെ നടത്തപ്പെട്ട സത്യാഗ്രഹം ഗാന്ധിസമായിരുന്നില്ല. മാർഗ്ഗനിരോധനം ചെയ്യുന്നതു ബലപ്രയോഗമാണു്. അതൊരിക്കലും പാടില്ലെന്നു ഗാന്ധിജി പഠിപ്പിച്ചിട്ടുണ്ടു്. ഉപവാസംകൊണ്ടു പ്രതിയോഗിയുടെ മനസ്സു് തിരിച്ചു കാര്യപ്രാപ്തി നേടുകയായിരുന്നു അദ്ദേഹം ചെയ്തിരുന്നതു്. എന്നാൽ അങ്ങനെ ഉപവാസം അനുഷ്ഠിക്കുന്ന സത്യഗ്രഹി നിഷ്ക്കാമകർമ്മനും അനാസക്തനും ആയിരിക്കണമെന്നുംമററുമാണു് അതിൻെറ വ്യവസ്ഥകൾ. ഇതിൽപോലും ബലപ്രയോഗമുണ്ടു്. അതിനാൽ ക്രിസ്തുമതം അതിനു് അനുകൂലമല്ല. ചിങ്ങവനത്തെ സത്യഗ്രഹപ്രകടനം വഴിപിഴച്ച ഒന്നായിരുന്നു എന്നും പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല.

സഭയുടെ നട്ടെല്ലാണു തിയോളജിക്കൽ സിമ്മനാരി. അതുകൊണ്ടു് അതിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതു സഭയുടെ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത ഒരാവശ്യമാണു്. നമ്മുടെ മതസംബന്ധമായ കാര്യങ്ങളെപ്പററി സവിശേഷമായ ജ്ഞാനം സിദ്ധിക്കാൻ തിയോളജിക്കൽ സിമ്മനാരി പര്യാപ്തമായിരിക്കണം. മതം ഒരു മനുഷ്യൻെറ ആളത്വത്തിൻെറ നാനാവശങ്ങളെയും ഉൾക്കൊള്ളുന്നതുകൊണ്ടു് എല്ലാ വിഷയങ്ങളുടെയും മൗലികതത്വങ്ങൾ ഒരു വേദസിദ്ധാന്തകൻ അറിഞ്ഞിരിക്കണം. അതിനാൽ ഈ തിയോളജിക്കൽ കോളജ് കുറേക്കൂടി ഉത്തമനിലയിൽ പോകേണ്ടതാണു്. അതിലേക്കുള്ള ഒരു നിർദ്ദേശം എനിക്കു തരുവാനുള്ളതു് അതു നമ്മുടെ വക ഒരു ആർട്ട്സ് കോളജിൻെറ സമീപത്തായിരിക്കണം എന്നുള്ളതാണു്. വിശ്വാസസ്ഥിരതയുള്ളവരും, സ്വഭാവവൈശിഷ്ട്യമുള്ളവരും, വിദ്യാഭ്യാസസമ്പന്നരും; സഭാദ്ധ്യക്ഷന്മാരെ അനുസരിക്കുന്നവരുമായ ആളുകൾ ഈ രണ്ടിലെയും ഉപദേശകന്മാരായിരിക്കണം. അങ്ങനെ കുറേക്കൂടി വികസ്വരമായ ഒരു നിലയെ നമ്മുടെ കോളജ് പ്രാപിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ വിശ്വാസസ്ഥിരതയ്ക്കു ഗ്രീക്കുകാരുമായുള്ള സമ്പർക്കം സഹായകരമായിരിക്കും. അവരുടെ ഇടയിൽ വേദസിദ്ധാന്തം സംബന്ധിച്ചുള്ള നല്ല എഴുത്തുകാരുണ്ടു്. നമ്മുടെ സഭയിൽനിന്നും ആണ്ടുതോറും രണ്ടോ മൂന്നോ ആളുകളെ ഗ്രീസിൽ അയയ്ക്കുന്നതു കൊള്ളാം. കിഴ

(ശേഷം 2-ാംപേജിൽ)

ആത്മനിക്ഷേപം

M.C.K.

15. ക്രൂശിങ്കൽ.

കണ്ടാലും കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും: അമ്മാനുവേൽ എന്ന് അവന്റെ നാമം വിളിക്കപ്പെടും എന്നു സന്തോഷപൂർവ്വം അട്ടഹസിച്ച ഏശയ്യാ പിന്നീടു പ്രവചിച്ചു: നമ്മുടെ അതിക്രമങ്ങൾ നിമിത്തം അവൻ മുറിവേററും നമ്മുടെ അകൃത്യങ്ങൾ മൂലം തകന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെമേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു

ആ അമ്മാനുവേൽ തന്റെ പരസ്യശുശ്രൂഷയുടെ അന്ത്യഘട്ടത്തിൽ അരുളി: കണ്ടാലും നാം യറുശലേമിലേക്കു കയറിപ്പോകുന്നു. മനുഷ്യപുത്രൻ മനുഷ്യമക്കളുടെ കൈകളിൽ ഏല്പിക്കപ്പെടും. അവർ അവനെ ക്രൂശിച്ചു കൊല്ലും,

അമ്മാനുവേൽ യറുശലേമിലേക്കു കയറിപ്പോയി. യറുശലേം പുത്രിയെ, ആർപ്പിടുക. ഇതാ നിന്റെ രാജാവ്............നിന്റെ അടുക്കൽ വരുന്നു എന്നു സ്കറിയാ പ്രവചിച്ച പ്രവചനം നിവൃത്തിയാകുമാറ് ആ പ്രവേശനം രാജോചിതമായിരുന്നു. ദാവീദുപുത്രന് ഉശാന: കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവു വാഴ്ത്തപ്പെട്ടവനാകുന്നു: ഉയരങ്ങളിൽ ഉശാന എന്നു സകലരും—പൈതങ്ങൾപോലും ആർത്തു.

അനന്തരം യറുശലേമിലെ രംഗം മാറിത്തുടങ്ങി. യഹോവയുടെ അഭിഷക്തനു വിരോധമായി ഭൂമിയിലെ അധിപതിമാർ ആലോചിച്ചു എന്നു ദാവീദ് എഴുതിയ പ്രവചനം നിവൃത്തിയാകുവാൻ തക്കവണ്ണം യേശുവിന് എതിരായി ദുരാലോചനകളും കൂട്ടുകെട്ടുകളും ഉണ്ടായി. യേശു യറുശലേമിനെ നോക്കിക്കരഞ്ഞു. യറുശലേമേ, യറുശലേമേ, കോഴി അതിന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുന്നതുപോലെ നിന്നെയും ചേർത്തുകൊൾവാൻ ഞാൻ എത്രയോപ്രാവശ്യം ആഗ്രഹിച്ചു. നിനക്കു മനസ്സായില്ല. നിന്റെ സന്ദർശനകാലം നീ അറിഞ്ഞില്ലല്ലോ എന്ന് അദ്ദേഹം നിലവിളിച്ചു. ദുരാലോചനകൾ തുടന്നു. എന്നാൽ അതുവരെയും സമയമായിരുന്നില്ല: ആരും അദ്ദേഹത്തിന്റെമേൽ കൈവച്ചതുമില്ല.

പെസഹാദിവസം ആഗതമായി. ഗുരുവിന്റെ നിർദ്ദേശപ്രകാരം ശിഷ്യന്മാരിൽ ചിലർ ചെന്ന് ഒരു മാളിക രഹസ്യമായി വിരിച്ചൊരുക്കി. സമയമായപ്പോൾ യേശു ശിഷ്യന്മാരോടുകൂടെ ഭക്ഷണത്തിന് ഇരുന്നു. ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ ഞാൻ ആഗ്രഹത്തോടെ ആഗ്രഹിച്ചുകൊണ്ടിരുന്നു എന്നു അദ്ദേഹം അരുളി. അനന്തരം മാലാകമാർ അമ്പരക്കുമാറ് ദൈവപുത്രൻ ആ മണ്മയരുടെ പാദങ്ങൾ കഴുകി. പാദക്ഷാളനാനന്തരം യേശു അപ്പം എടുത്തു വാഴ്ത്തി മുറിച്ച് അവർക്കു കൊടുത്ത് അരുളി: വാങ്ങി ഭക്ഷിപ്പിൻ, നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും മുറിക്കപ്പെടുന്നതും പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുന്നതുമായ എന്റെ ശരീരം ഇതാകുന്നു. തുടർന്നുതന്നെ കാസാ എടുത്തു സ്തോത്രംചെയ്തു വാഴ്ത്തി അവർക്കു കൊടുത്ത് അരുളി: നിങ്ങളെല്ലാവരും വാങ്ങി ഇതിൽനിന്നു പാനംചെയ്‌വിൻ, നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും ചിന്തപ്പെടുന്നതും പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുന്നതുമായ എന്റെ രക്തം ഇതാകുന്നു. ഞാൻ വരുവോളം ഇപ്രകാരം ചെയ്‌വിൻ.

ഈ പ്രവൃത്തി എന്ത് എന്നു ചിന്തിക്കുക. ശരീരം മുറിക്കപ്പെടുമോ? രക്തം ചിന്തപ്പെടുമോ? പെസഹാമേശയിലെ വചനങ്ങൾ അർത്ഥശൂന്യമാകുമോ? പാടില്ല. ദൈവപുത്രന്റെ വചനങ്ങൾ നിരർത്ഥകമാകയില്ല, നേരത്തോടുനേരമാകുന്നതിനു മുമ്പു ശരീരം മുറിക്കപ്പെട്ടു. രക്തം ചിന്തപ്പെട്ടു. പെസഹാമേശ അർത്ഥസംപൂർണ്ണമായി:

പെസഹാനുഭവത്തിൻെറ ശേഷം, കഷ്ടം! യൂദായിൽ സാത്താൻ പ്രവേശിച്ചു. സങ്കടകരമായ ഒരു വാക്യമത്രെ അതു്. യേശുതമ്പുരാൻെറ കയ്യിൽനിന്നു നേരിട്ടു തിരുശരീരരക്തങ്ങൾ അനുഭവിച്ച യൂദായിൽ സാത്താൻ പ്രവേശിച്ചു! എന്തുകൊണ്ടു്? ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു് അഭിഷിക്തനായ ശൗൽരാജാവിനെ ദൈവത്തിൻെറ ആത്മാവു വിട്ടുമാറി: ഒരു ദുരാത്മാവു് അവനെ ബാധിക്കയും ചെയ്തു. എന്തുകൊണ്ടു്? വായിക്കുന്നവൻ ചിന്തിക്കട്ടെ. ഹൃദയത്തെ പരമാർത്ഥതയിൽ പാലിക്കാതിരുന്നതുകൊണ്ടല്ലയോ? നിൽക്കുന്നവൻ വീഴാതിരിക്കുവാൻ സദാ കരുതിക്കൊൾക.

യൂദായിൽ സാത്താൻ പ്രവേശിച്ചു. അവൻ യേശുവിങ്കൽനിന്നു് അന്ധകാരത്തിലേക്കു പോയി. യേശുവാകട്ടെ തൻെറ ഒരു പ്രാർത്ഥനാസ്ഥലമായ ഗത്സിമോൻ തോട്ടത്തിലേക്കു പോയി. അവിടെ അദ്ദേഹം ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി. തൻെറ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിത്തീർന്നു. രോമകൂപങ്ങളിൽക്കൂടി രക്തം പൊടിച്ചു. നൊമ്പരംകൂടാതെ രക്തം വരികയില്ലല്ലോ. രക്തം വിയത്ത ആ വേദന എത്രയോ രൂക്ഷമായിരുന്നു. പിതാവേ, കഴിയുമെങ്കിൽ ഈ കാസാ എങ്കൽനിന്നു നീങ്ങിപ്പോകണമെ എന്നു പ്രാർത്ഥിച്ചു. യൂദാ അവിടേക്കു പ്രവേശിച്ചു. ദുരാലോചനക്കാർ അവനെ അനുഗമിച്ചിരുന്നു. യേശുവിൻെറകൂടെ അപ്പോൾ മൂന്നു ശിഷ്യന്മാർ ഉണ്ടായിരുന്നു. യൂദാ യേശുവിൻെറ അടുക്കലേക്കു ചെന്നു യേശുവിനെ ചുംബിച്ചു. അങ്ങനെ ചുംബനംമൂലം—ഏതു ദേശത്തും ഏതു ജാതിയിലും സ്നേഹസൂചകമായ ചുംബനംമൂലം—ഗുരുവിനെ അവൻ ശത്രുക്കൾക്കു കാണിച്ചുകൊടുത്തു. അവർ അദ്ദേഹത്തെ ബന്ധിച്ചു വൈദികക്കോടതിയിലേക്കു കൊണ്ടുപോയി. അദ്ദേഹം മരണാർഹൻ എന്നു് ആ കോടതി വിധിച്ചു. പിന്നീട് അവർ അദ്ദേഹത്തെ രാഷ്ട്രീയ കോടതിയിലേക്കു കൊണ്ടുപോയി. ന്യായാധിപനായ പീലാത്തോസ് മരണാർഹമായ യാതൊരു കുററവും അദ്ദേഹത്തിൽ കണ്ടില്ല. പെരുനാളിൽ ഒരു ബന്ധനസ്ഥനെ സ്വതന്ത്രനാക്കുക പതിവുണ്ടായിരുന്നതിനാൽ യേശുവിനെ സ്വതന്ത്രനാക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് അവൻ ചോദിച്ചു: നിങ്ങൾക്കു് ആരെ വിട്ടുകിട്ടണം—യേശുവിനെയോ ബാറാബായെയോ? ആ ചോദ്യം ഇന്നയോളം നിൽക്കുന്നു. നാം ആരെ തിരഞ്ഞെടുക്കും? അവർ നീതിമാനായ യേശുവിനെ ഉപേക്ഷിച്ചു കൊലപാതകനായ ബാറാബായെ തിരഞ്ഞെടുത്തു. യേശുവിനെ ആകട്ടെ ക്രൂശിക്കുവാൻ കൊണ്ടുപോയി. തനിക്കായി തയാറാക്കിയിരുന്ന കുരിശു തന്നെക്കൊണ്ടുതന്നെയാണു വഹിപ്പിച്ചതു്. (ദുഃഖവെള്ളിയാഴ്ചത്തെ ആദ്യപ്രദക്ഷിണം ആ യാത്രയെ സൂചിപ്പിക്കുന്നു. തന്മൂലം ആ പ്രദക്ഷിണത്തിനു മേക്കട്ടി, കൊടി, ധൂപം, മെഴുകുതിരികൾ മുതലായവ ഉപയോഗിക്കുന്നില്ല) അവർ ഗോഗുൽത്തായിൽ എത്തി. കുരിശു നിലത്തുവച്ചു. യേശുവിൻെറ വസ്ത്രം ഉരിഞ്ഞു. അദ്ദേഹത്തെ പിടിച്ചു് അതിന്മേൽ കിടത്തി. വലത്തുകൈ വലിച്ചുനീട്ടി കുരിശോടു ചേത്തു പത്തിയിൽക്കൂടി ആണിതറച്ചു. ഇടത്തുകൈ വലിച്ചുനീട്ടി അപ്രകാരംതന്നെ ചെയ്തു. കാലുകൾ വലിച്ചുനീട്ടി വലത്തെ പാദത്തിന്മീതെ ഇടത്തെപാദം വച്ചു് ആണി അടിച്ചുകയററി. ആ കുരിശു് ഉയർത്തി. അതിനായി ഉണ്ടാക്കിയ കുഴിയിലേക്കു ചുവടു് ഇറക്കി ഉറപ്പിച്ചു. രണ്ടു കള്ളന്മാരെ ഇടത്തും വലത്തുമായി അപ്രകാരംതന്നെ അവർ ക്രൂശിച്ചു. കുററവാളികളോടുകൂടെ എണ്ണപ്പെട്ടു് അവരുടെ മദ്ധ്യേ നീതിമാൻ ക്രൂശിക്കപ്പെട്ടിരിക്കുന്നു. .നാം സെഹ്യോൻമാളികയിലെ പെസഹാമേശയിങ്കൽനിന്നു കാൽവറിയിലെ കുരിശിങ്കൽ എത്തിയിരിക്കുന്നു. പുണ്യവാൻ കുരിശിന്മേൽ ആ മൂന്നു് ആണികളാൽ തറയ്ക്കപ്പെട്ടിരിക്കുന്നു. ദൈവം ക്രൂശിൽ തൂങ്ങുന്നു!!!

കാണുക–

ക്രൂശിന്മേൽ ക്രൂശിന്മേൽ
കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ
എൻപേർക്കായ് ചാകുന്നു.

ധ്യാനിക്കുക–

ആത്മാവേ! പാപത്തിൻ
ശിക്ഷ നീ കാണുക.
ദൈവത്തിൻ പുത്രനീ
ശാപത്തിലായല്ലോ.

ഉറയ്ക്കുക-
പാപത്തെ സ്നേഹിപ്പാൻ
ഞാനിനി പോകുമോ?
ദൈവത്തിൻ പൈതലായ്
ജീവിക്കും ഞാനിനി

യേശുവിന്റെ കുരിശിങ്കൽ ആരെല്ലാം ഉണ്ടു്? സൂക്ഷിച്ചുനോക്കുക- പലർ മാറിനിന്നു പരിഹസിക്കുന്നു. നാലുപേർ അടുത്തുനിന്നു കരയുന്നു. നമുക്കും അടുത്തുതന്നെ നിൽക്കാം. തിരുമുഖത്തേക്കു സൂക്ഷിച്ചുനോക്കാം.

കുരിശു് ഒരു വലിയ പ്രസംഗപീഠമാണു്. കുരിശു ദൈവത്തെ നമുക്കു വെളിപ്പെടുത്തിത്തരുന്നു. നമ്മെത്തന്നെ നമുക്കും അതു വെളിപ്പെടുത്തിത്തരുന്നു നിത്യനായ പിതാവു കല്പിച്ചിട്ടുണ്ടല്ലോ, ഇതാ എന്റെ വാത്സല്യപുത്രൻ: ഇവനെ നിങ്ങൾ ചെവിക്കൊൾവിൻ. നിത്യനായ പുത്രൻ അരുളിയിട്ടുണ്ടല്ലോ; നിങ്ങളുടെ ഗുരു ഒരുവൻ: ക്രിസ്തുതന്നെ. ആകയാൽ ആ ഗുരുവിന്റെ ഗുരുത്വമുള്ള ശിഷ്യരെപ്പോലെ ശ്രദ്ധിക്കുക. കർത്താവേ, കല്പിക്കണമേ: അടിയൻ കേൾക്കുന്നു എന്ന മനഃസ്ഥിതിയോടെ ചെവികൊടുക്കുക. പിതാവിന്റെ ആ വാത്സല്യപുത്രൻ, നമ്മുടെ ആ വന്ദ്യഗുരു എന്തെങ്കിലും പറയുന്നുണ്ടോ. ശ്രദ്ധിക്കുക. അവസാനത്തോളം ശ്രദ്ധിക്കുക. അതാ, ഏഴു വചനങ്ങൾ ഇടവിട്ടു കുരിശാകുന്ന ആ പ്രസംഗപീഠത്തിൽനിന്നു പുറപ്പെടുന്നു— (1) പിതാവേ, ഇവരോടു ക്ഷമിക്കണമെ: ഇവർ എന്തു ചെയ്യുന്നു എന്നു് ഇവർ അറിയുന്നില്ലല്ലോ. (2) നീ ഇന്നു എന്നോടുകൂടെ പർദൈസായിൽ ആയിരിക്കും. 3) സ്ത്രീയേ, ഇതാ നിന്റെ മകൻ, ശിഷ്യാ! ഇതാ നിന്റെ അമ്മ. (4) എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ നീ കൈവിട്ടതെന്തു്? (5) എനിക്കു ദാഹിക്കുന്നു. (6 സകലവും നിവൃത്തിയായി. (7) പിതാവേ, നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേൽപ്പിക്കുന്നു. ഈ ഏഴുവചനങ്ങൾ മരണകരമായ കോപം, നിഗളം, അസൂയ, ദുശ്ചിന്ത. അതിഭക്ഷണം, ഉദാസീനത, അത്യാഗ്രഹം എന്നീ ഏഴു പാപങ്ങൾക്കെതിരായുള്ള ഏഴു പ്രഭാഷണങ്ങളായിട്ടും വ്യാഖ്യാനിക്കപ്പെടാവുന്നവയത്രെ.

കുരിശിൽനിന്നുള്ള ഏഴു വചനങ്ങളിൽ ആദ്യത്തെ മൂന്നു വചനങ്ങൾ മററുള്ളവരെക്കുറിച്ചും ബാക്കി നാലു വചനങ്ങൾ തന്നെക്കുറിച്ചുതന്നെയും ആയിരുന്നു. (മാസികയിൽ സ്ഥലം പരിമിതമാകയാൽ ഈ ലേഖനത്തിൽ ആദ്യത്തെ മൂന്നു വചനങ്ങളെക്കുറിച്ചു മാത്രമെ എഴുതുന്നുള്ളു.

ക്രൂശിങ്കലേക്കു വീണ്ടും നോക്കുക അവിടെ ദൃഷ്ടി പതിക്കുക. നമ്മുടെ രക്ഷകന്റെ കഷ്ടാനുഭവത്തിന്റെ ഭയങ്കര രൂക്ഷതയെപ്പററി ചിന്തിക്കുക. ശരീരത്തിൽ മാത്രമല്ല അദ്ദേഹം കഷ്ടമനുഭവിച്ചതു്. അതു് ഏത്രയും സ്പഷ്ടംതന്നെ ആകുന്നുവല്ലോ. മനസ്സിലും അദ്ദേഹം നൊമ്പരപ്പെട്ടു. എന്തെന്നാൽ മനുഷ്യന്റെ നന്ദികേടും നന്മയ്ക്കു പകരം തിന്മ ചെയ്യുന്ന മനോഭാവവും അവിടത്തെ ആഴമായി സ്പർശിച്ചു ആത്മാവിലും അവിടുന്നു വ്യാകുലപ്പെട്ടു: എന്തെന്നാൽ ഞാനും എന്റെ പിതാവും ഒന്നാകുന്നു എന്നു പറഞ്ഞു നടന്നവനു പിതാവു പിൻവാങ്ങിയതുപോലെ അനുഭവമുണ്ടായി. സ്നേഹിതരും തന്നെ വേദനപ്പെടുത്തി: യൂദാ ഒററിക്കൊടുത്തു; ശെമവൂൻ തള്ളിപ്പറഞ്ഞു. പലരും തന്നെവിട്ടോടിപ്പോയി. അഭിമാനവും തനിക്കു നഷ്ടപ്പെട്ടു. ഒരു ഭയങ്കര കുററവാളിയെപ്പോലെ കർത്താവു കഴുമരത്തിൽ തൂക്കപ്പെട്ടു. അതുതന്നെ രണ്ടു നീചന്മാരുടെ മധ്യത്തിൽ. ഈ വിവിധ കഷ്ടതകളൊക്കെയും ഓർത്തുനോക്കുമ്പോൾ യേശുവിന്റെ പങ്കപ്പാടുകൾ ഒരു നാവിനാലും വർണ്ണിക്കാവതല്ല. ഇവയെല്ലാം സഹിച്ചുകൊണ്ടാണു് താൻ ക്രൂശിന്മേൽ തൂങ്ങിക്കിടക്കുന്നതു്.

കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് ആ സത്യമഹാപുരോഹിതൻ കഷ്ടാനുഭവമാകുന്ന തീയിൽ സ്നേഹമാകുന്ന സുഗന്ധവർഗ്ഗം അർപ്പിച്ചു. അപ്പോൾ പരിമളധൂപമാകുന്ന ഒരു പ്രാർത്ഥന ഉയരങ്ങളിലേക്കു് ഉയർന്നു. അതായിരുന്നു ഒന്നാമത്തെ വചനം. "പിതാവെ, ഇവരോടു ക്ഷമിക്കണമെ: ഇവർ എന്തു ചെയ്യുന്നു എന്നു് ഇവർ അറിയുന്നില്ലല്ലോ." നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ: നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ എന്നരുളിയവൻ ഇതാ അപ്രകാരംതന്നെ ചെയ്തു. നമുക്കു്

ഒരു മാതൃക കാണിച്ചുതരുന്നു. നമ്മുടെ മനോസമാധാനത്തിനുള്ള പ്രധാന മാർഗ്ഗം നമ്മോടു കുറ്റം ചെയ്യുന്നവരോടു നിരുപാധികമായി ക്ഷമിക്കുക എന്നതാണ്. ശത്രു കാൽപിടിച്ചാൽ, ക്ഷമാപണം ചെയ്താൽ, ക്ഷമിക്കാം എന്നതു ക്രിസ്തുവിൻെറ മനസ്സല്ല. കാൽ പിടിക്കട്ടെ എന്ന മനസ്സു വച്ചുകൊണ്ടു ശത്രുത നീക്കുവാൻ, ശത്രുവിനെ നേടാൻ, സാധിക്കയില്ല. മാർ പൗലൂസ് ഉപദേശിക്കുന്നപ്രകാരം "ക്രിസ്തുവിലുണ്ടായിരുന്ന ഈ മനസ്സു നിങ്ങൾക്ക് ഉണ്ടായിരിക്കട്ടെ." പിതാവേ, ക്ഷമിക്കണമെ-എൻെറ കഷ്ടാനുഭവം ഓർത്തു ക്ഷമിക്കണമെ—എന്ന് അന്നു തുടങ്ങിയ പ്രാർത്ഥന ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ക്ഷമിക്കണമെ എന്നു പ്രാർത്ഥിച്ചപ്പോൾ അദ്ദേഹം ക്ഷമിച്ചുകഴിഞ്ഞിരുന്നു എന്നതു സ്പഷ്ടമത്രെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ എന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ച പ്രാർത്ഥന ഇവിടെ സ്മർത്തവ്യമത്രെ. ഇവരോടു ക്ഷമിക്കണമെ എന്ന് അദ്ദേഹം പ്രാർത്ഥിച്ചു. ആരോട്? നന്മകൾ മാത്രം ചെയ്തുകൊണ്ടു നടന്ന ക്രിസ്തുവിനെ ഞങ്ങൾക്കു വേണ്ടയേ, അപഹാരിയും കൊലപാതകനുമായ ബാറാബായെ മതിയേ എന്നു ആർത്തവരോട്, അവൻെറ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെമേലും ഇരിക്കട്ടെ എന്ന് അട്ടഹസിച്ചവരോട്, ചമ്മട്ടികൊണ്ട് അടിച്ചവരോട്, ശിരസ്സിൽ മുൾമുടി വച്ചവരോട്, ചുവപ്പുകുപ്പായം ധരിപ്പിച്ചവരോട്, യഹൂദന്മാരുടെ രാജാവേ ജയ ജയ എന്നു പരിഹസിച്ചവരോട്, മുഖത്തു തുപ്പിയവരോട്, ആണികൾ കൈകാലുകളിൽ തറച്ചവരോട്, കുരിശു് ഉയർത്തിക്കുഴിയിലേക്കു ഇട്ടവരോട് അപ്പോഴും ദൂഷണങ്ങൾ ജല്പിച്ചുനിന്നവരോട്, അദ്ദേഹത്തിൻെറ പരമ ശത്രുക്കളോട്, ക്ഷമിക്കണമേ എന്നായിരുന്നു പ്രാർത്ഥിച്ചതു്. അവരുടെ കുറ്റത്തിന്ന് അദ്ദേഹം സമാധാനവും പറഞ്ഞു. ഇവർ ചെയ്യുന്നതു് എന്തെന്ന് അവർ അറിയുന്നില്ലല്ലോ. അതു സത്യമായിരുന്നു. മഹത്വത്തിൻെറ നാഥനെയാണ് അവർ ക്രൂശിച്ചതു്. അദ്ദേഹത്തിൻെറ തേജസ്സ് അവർ കണ്ടില്ല. അവരുടെ കണ്ണുകൾ ഇരുണ്ടിരുന്നു. നമുക്ക് എപ്പോഴും ആവശ്യമുള്ളതു ക്ഷമയാണ്. കോപം അപകടകരമാണ്. അതു മരണകരമായ ഒരു പാപവുമാണ്. ക്രൂശാകുന്ന പ്രസംഗപീഠത്തിൽനിന്നു ക്ഷമയാകുന്ന പുണ്യം അദ്ദേഹം നമുക്കു കാണിച്ചുതരുന്നു. ഏഴു പ്രാവശ്യമല്ല, ഏഴെഴുപതു പ്രാവശ്യം ക്ഷമിപ്പിൻ. കഷ്ടാനുഭവത്തിൻെറ ഈ ഫലം നമുക്കും വേണം.

രണ്ടാമത്തെ മൊഴി ഒരു അനുതാപിയോട് അരുളപ്പെട്ടതത്രെ. വലത്തുഭാഗത്തു ക്രൂശിക്കപ്പെട്ട കള്ളൻ ഒന്നാമത്തെമൊഴി കേട്ടപ്പോൾ അമ്പരന്നുപോയി. ഇതെന്തു് എന്ന് അവൻ ചിന്തിച്ചു. ഇതു പറയുന്നതു് ആർ എന്ന് അവൻ സൂക്ഷിച്ചുനോക്കി അവൻ ക്രിസ്തുവിനെ കണ്ടു. ക്രിസ്തു അവനെയും കണ്ടു. അപ്പോൾ അവൻ അവനെത്തന്നെയും കണ്ടു. ഇടത്തുഭാഗത്തെ കള്ളനും ആ മൊഴി കേട്ടിരിക്കാം. എന്നാൽ അതു് അവൻെറ ഹൃദയത്തിൽ പതിഞ്ഞില്ല. എന്നാൽ ശത്രുക്കൾ യേശുവിനെക്കുറിച്ചു ദൂഷണങ്ങൾ പറയുന്നതു് അവൻ കേട്ടു അവനും ആ നീതിമാനെ ദുഷിച്ചു നീ മ്ശിഹായാകുന്നുവെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക: ഞങ്ങളെയും രക്ഷിക്കുക എന്ന് അവൻ പറഞ്ഞു. അവൻെറ സഖി അവനെ ശാസിച്ചു. നീ ന്യായവിധിയിൽ അകപ്പെട്ടിട്ടും ദൈവത്തെ ഭയപ്പെടുന്നില്ലയോ? നമ്മുടെ പ്രവൃത്തികൾക്കു തക്കവണ്ണമുള്ള പ്രതിഫലം നീതിയോടെ നാം അനുഭവിക്കുന്നു. എന്നാൽ ഇദ്ദേഹമാകട്ടെ യാതൊരു ദോഷവും ചെയ്തിട്ടില്ലല്ലോ: ദുഃഖം വന്ന് അവൻെറ ഹൃദയത്തെ നിറച്ചു. അവൻ അനുതപിച്ചു. നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം നീതിയോടെ നാം അനുഭവിക്കുന്നു എന്ന വചനത്താൽ അവൻെറ തെറ്റുകൾ അവൻ സമ്മതിക്കയായിരുന്നു ചെയ്തതു്. അവൻ വിനയപ്പെട്ടു. അവൻെറ ഹൃദയം തകർന്നു. അവൻെറ കണ്ണുകൾ നിറഞ്ഞു. അവൻ യാചിച്ചു: "കർത്താവേ! നിൻെറ രാജ്യത്തിൽ നീ വരുമ്പോൾ എന്നെയും ഓർത്തുകൊള്ളണമെ." ചിന്തിക്കുക അതു് ഒരു വല്ലാത്തസമയം ആയിരുന്നില്ലയോ? യൂദാ ഒററിക്കൊടുത്തു. ശെമഓൻ തള്ളിപ്പറഞ്ഞു. ശിഷ്യന്മാർ ഓടിപ്പോയി. യൂദർ ദൂഷണങ്ങൾ

പറയുന്നു. പുറജാതികൾ പരിഹസിക്കുന്നു. വിശ്വസിക്കുന്നവൻ ഒരുവനുമില്ല. അപ്പോൾ അതാ ഒരു കള്ളൻ വിശ്വസിക്കുന്നു: ഇതാ എന്റെ വാത്സല്യപുത്രൻ; ഇവനെ നിങ്ങൾ ചെവിക്കൊൾവിൻ എന്ന കല്പനപ്രകാരമോ എന്നു തോന്നുമാറ് അവൻ ക്രൂശിതന്റെ ആദ്യമൊഴി ചെവിക്കൊണ്ടു. കൃപ പ്രവർത്തിച്ചു. അവനു മാനസാന്തരമുണ്ടായി. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ കടിഞ്ഞൂൽപുത്രാ, നിനക്കു ഭാഗ്യം.

ആ കള്ളനെ നോക്കുക. അവനു സൗകര്യങ്ങൾ ഇല്ല. കൈകാലുകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഉപദേശിപ്പാനോ സഹായിപ്പാനോ ആരും ഇല്ല. അവന്റെ ഹൃദയത്തിനും വായ്ക്കും സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അവ അവൻ ഉപയോഗിച്ചു. വചനം ശക്തിയായി പ്രവർത്തിച്ചു. വിശ്വാസം ശക്തിയായി ഉണർന്നു. അവൻ ആരോടാണു് അപേക്ഷിച്ചതു്? മരിക്കുന്നവനോടു്. ആ മരിക്കുന്നവൻ ജീവിക്കും, വാഴും. എന്നു് അവന്റെ വിശ്വാസക്കണ്ണുകളാൽ അവൻ കണ്ടു. അവൻ എന്താണു് അപേക്ഷിച്ചതു്? ശാരീരികമരണത്തിൽനിന്നുള്ള രക്ഷാപ്രാപ്തിക്കോ ലൗകിക ഐശ്വര്യങ്ങൾക്കോ അവൻ യാചിച്ചില്ല. മരണാനന്തരം ഒരു സ്മരണ മാത്രമെ അവൻ ആഗ്രഹിച്ചുള്ളു. അതിനായി മാത്രമെ അവൻ പ്രാർത്ഥിച്ചുള്ളു. അവൻ പ്രദർശിപ്പിച്ച ദിവ്യവിവേകം ആശ്ചര്യകരമത്രെ. ഭാവിയിൽ ഒരു സ്മരണയ്ക്കായി മാത്രമാണു് അവൻ പ്രാർത്ഥിച്ചതു്. കഷ്ടാനുഭവദിവസത്തിൽ യേശുവിനുണ്ടായിരിക്കുന്ന മനോഭാവത്തെപ്പററി എന്റെ ദാസനെപ്പോലെ ചെകിടനും കുരുടനും ഊമനുമായി ആരുള്ളു എന്നൊരു പ്രവചനം ഉണ്ടല്ലോ. എന്നാൽ അനുതാപിയിൽനിന്നു് ആ നിലവിളി പുറപ്പെട്ടപ്പോൾ ആ ചെകിടനു അതു കേട്ടു. ആ കുരുടൻ കണ്ണുകൾ തുറന്നു. ആ ഊമൻ സംസാരിച്ചു. നീ ഇന്നു് എന്നോടുകൂടെ പർദൈസായിൽ ആയിരിക്കും, ഭാവിയിൽ ഒരു സ്മരണ എന്ന കുറവും ചെറുതായ ഒരു കാര്യം അവൻ അപേക്ഷിച്ചു. ഇന്നു തന്നെ എന്നോടുകൂടെ എന്ന വലുതും പ്രതീക്ഷാതീതവുമായ വാഗ്ദാനം ലഭിച്ചു. അവനിൽ ഉദിച്ച വിശ്വാസവും പ്രത്യാശയും സ്നേഹവും വിസ്മയനീയംതന്നെ ആയിരുന്നു.

ക്രിസ്തുവിങ്കലേക്കു തിരിയുന്നതു് എത്ര ഭാഗ്യം. പാപം ഏററു പറയുന്നതു് എത്ര ഭാഗ്യം. പ്രാർത്ഥിക്കുന്നതു് എത്ര ഭാഗ്യം. നാം കള്ളന്മാരാണോ? മററുള്ളവരുടേതു നാം പക്ഷേ അക്ഷരപ്രകാരം മോഷ്ടിച്ചിട്ടില്ലായിരിക്കാം. എന്നാൽ സൃഷ്ടികളായ നാം സ്രഷ്ടാവായ ദൈവത്തിനു കൊടുക്കേണ്ട മഹത്വം, ആരാധന, സ്തുതി, നമസ്കാരം, ശാബതു്, വഴിപാടുകൾ, ആദ്യഫലങ്ങൾ, ദശാംശങ്ങൾ മുതലായവ നാം കൊടുക്കുന്നില്ലെങ്കിൽ അവയിലൊക്കെയും നാം അപഹാരികളും കള്ളന്മാരും അല്ലയോ? ദൈവത്തിന്റെ വിശപ്പു നാം അടക്കുന്നില്ല, ദാഹം നാം ശമിപ്പിക്കുന്നില്ല, നഗ്നത നാം മറയ്ക്കുന്നില്ല, രോഗം നാം ദർശിക്കുന്നില്ല എങ്കിൽ ദൈവത്തോടുള്ള ബന്ധത്തിൽ നാം മോഷ്ടാക്കളല്ലയോ? ജീവിതം മുഴുവൻ മോഷണംതന്നെ. ആകയാൽ നമുക്കും അനുതാപം ഉണ്ടാകണം, അനുതാപസമയം മാററിവയ്ക്കരുതു്, നിഗളം ഉപേക്ഷിക്കണം, വിനയപ്പെടണം, തെററുകൾ സമ്മതിക്കണം, കുററങ്ങൾ ഏററുപറയണം. വിമോചനം പ്രാപിച്ച പർദീസായ്ക്കു് അവകാശികളാകണം. എന്നൊക്കെയും ഈ മൊഴി നമ്മെ ഉൽബോധിപ്പിക്കുന്നു.

കുരിശിൽനിന്നുള്ള മൂന്നാമത്തെ മൊഴി തന്റെ മാതാവിനുവേണ്ടി ആയിരുന്നു. ക്രൂശിങ്കൽ നാലുപേർ ഒരു പുരുഷനും മൂന്നു സ്ത്രീകളും കരഞ്ഞുകൊണ്ടു നിന്നിരുന്നു. ക്രിസ്തുവിനെ ഉപദ്രവിച്ചവരിൽ ഒരു സ്ത്രീപോലും ഇല്ലായിരുന്നു. പീലാത്തോസിന്റെ ഭാര്യപോലും അരുതേ എന്നായിരുന്നുവല്ലോ പറഞ്ഞതു്. ക്രൂശിങ്കൽ അടുത്തുനിന്ന പുരുഷൻ യോഹന്നാൻ ശ്ലീഹായും സ്ത്രീകളിൽ ഒരാൾ വിശുദ്ധ കന്യാസ്ത്രീയമ്മയും ആയിരുന്നു. അവളുടെ ചങ്കിൽകൂടെ വാൾ കടക്കുന്നു. അതും മകൻ കാണുന്നു. വ്യാകുലത വർദ്ധിക്കുന്നു. എന്റെ ദുഃഖംപോലെ ഒരു ദുഃഖം ഉണ്ടോ എന്നു കാണുക എന്ന പ്രവചനം നിവൃത്തിയാകുന്നു: ആ അപാരമായ ദുഃഖത്തിന്റെ പല ഘടകങ്ങളിൽ ഒന്നു് സ്വമാതാവിന്റെ വ്യാകുല പ്രലാപം ആയിരുന്നു: അവളെപ്പോലെ "ഞാൻ കത്താ

*രണ്ടു മാർഗ്ഗങ്ങൾ.

(പ്രഫസ്സർ പി. ജി. മാത്യു എം.എ.ബി.ഡി.)

ഹെറാക്ലിസ് അഥവാ ഹെർക്ക്യുലിസ് എന്ന പേരായി ഒരു മഹാവീരനെക്കുറിച്ചു പുരാതന ഗ്രീക്കുകാർ പല കഥകൾ പറഞ്ഞുവന്നിരുന്നു. ഹെർക്ക്യുലിസ് ദീനർക്കും ദുർബല

വിന്റെ അടിയാട്ടി" എന്നു പറഞ്ഞ ദൈവപുത്രിയായ ഒരമ്മ ഉണ്ടായിട്ടില്ല. യേശുതമ്പുരാൻ അവളുടെ ഏകപുത്രൻ ആയിരുന്നു. അവൾ അവനെ വഹിച്ചു പെററുവളർത്തി: അവളെ യാത്രയാക്കേണ്ടവൻ തകന്ന് യാത്രയാകാറായിരിക്കുന്നു. അദ്ദേഹത്തിന്റെ അടുക്കൽ ഇരുന്നു ശുശ്രൂഷിക്കുന്നതിനെങ്കിലും സാധിച്ചിരുന്നെങ്കിൽ അല്പം ആശ്വാസം ഉണ്ടാകുമായിരുന്നു. അദ്ദേഹത്തിന് ഒരു തുള്ളി പച്ചവെള്ളം കൊടുക്കുന്നതിനുപോലും അവൾക്കു സാധിക്കുന്നില്ല. അവളുടെ ചങ്കിൽക്കൂടി വാൾ കയറുന്നു. അവളെ ആശ്വസിപ്പിക്കുവാൻ ആരുമില്ല. യൗസേഫ് മരിച്ചു കഴിഞ്ഞിരുന്നു. അവൾക്കു മക്കളും വേറെ ഇല്ല. പൂർണ്ണ മനുഷ്യൻകൂടെ ആയിരുന്ന യേശു മാതൃഭക്തിയിലും പൂർണ്ണൻതന്നെ ആയിരുന്നു. അമ്മയുടെ വ്യാകുലപ്രലാപവും അനാഥത്വവും മകൻ കണ്ടു. അമ്മയെ നോക്കുന്നു. തിരിഞ്ഞു യോഹന്നാനെ നോക്കുന്നു. വീണ്ടും തിരിഞ്ഞ് അമ്മയെ നോക്കുന്നു. യറുശലേം ദൈവാലയത്തിൽവച്ച് അവളുടെ നാഴിക ആയിരുന്നില്ല. കാനാവിൽ വച്ചും കഫർന്നഹൂമിൽവച്ചും അവളുടെ നാഴിക ആയിരുന്നില്ല. എന്നാൽ കാൽവറിയിലെ ആ സമയം അവളുടെ നാഴികയാണ്. അദ്ദേഹം പറയുന്നു, സ്ത്രീയേ, ഇതാ നിന്റെ മകൻ. വീണ്ടും യോഹന്നാനെ നോക്കിപ്പറയുന്നു: ഇതാ നിന്റെ അമ്മ. യോഹന്നാന് ഒരു വലിയ പദവിയും അമ്മയ്ക്ക് ഒരു കാവലും കരഗതമായി. മുമ്പു കന്യാസ്ത്രീയമ്മയുടെ കാവൽക്കാരനായിരിപ്പാൻ തക്കവണ്ണം മാർ യൗസേഫ് യോഗ്യനായി തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ യോഹന്നാൻ അതുപോലെതന്നെ വിശുദ്ധനായി കണ്ടെത്തപ്പെട്ട് അവനെ ഭരമേല്പിക്കപ്പെടുന്നു. ആ നാഴികയിൽ തന്നെ അവൻ ആ വലിയ നിധി ഭരമേററുകൊണ്ടു സ്വഭവനത്തിലേക്കു യാത്രയാകുന്നു. അവരുടെ വിശുദ്ധി എത്ര മാതൃകാപരമാണ്. അതു സ്വർഗ്ഗത്തോളം ഉയർന്നതുതന്നെ. മരണക്കിടക്കയിൽ വച്ചു യേശുതമ്പുരാൻ പ്രദർശിപ്പിച്ച നിസ്വാർത്ഥതയും ചിന്താർഹമത്രെ. വാത്സല്യമാതാവും പ്രിയ ശിഷ്യനും അടുക്കൽ തുടർന്നു നിൽക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നില്ല. അവർ പോയി ആശ്വസിക്കുന്നതിൽ അദ്ദേഹത്തിന് അസൂയയുമില്ല. അവരുടെ ആശ്വാസം അദ്ദേഹത്തിനും ആശ്വാസംതന്നെ ആയിരുന്നു.

ക്രൂശിൽ കിടന്നു നമ്മുടെ കർത്താവ് അരുളിയ മൂന്നു മൊഴികളെപ്പററി നാം ചിന്തിച്ചു. അവ മൂന്നും മററുള്ളവരെക്കുറിച്ചായിരുന്നു. ഒന്നാമത്തേതു ഹൃദയംകൊണ്ട് അകന്നവരായ ശത്രുക്കൾക്കുവേണ്ടിയും, രണ്ടാമത്തേതു ഹൃദയംകൊണ്ട് അടുത്തുചെന്ന് അനുതപിച്ചവർക്കുവേണ്ടിയും മൂന്നാമത്തേത് ഹൃദയംപോലെ അടുത്തിരുന്ന മാതാവിനുവേണ്ടിയും ആയിരുന്നു. അവയിൽനിന്ന് ഏതാനും പാഠങ്ങളും നാം പഠിച്ചു. ക്രൂശിൽ കിടന്നപ്പോഴും ക്രിസ്തു ജീവനുള്ള ദൈവമായിരുന്നു: തിരുവായിൽ നിന്നു പൊഴിഞ്ഞ മൊഴികൾ ജീവന്റെ വചനങ്ങളുമായിരുന്നു.

കുരിശിനെ സ്നേഹിപ്പിൻ. തിന്മയ്ക്കു പകരം നന്മ ചെയ്വിൻ. കുരിശിനെ വഹിപ്പിൻ. അതു നിത്യജീവങ്കലേക്കു നമ്മെ നടത്തും.

"വരണം കുരിശേ, മടിച്ചിടേണ്ടെൻ
മരണം നിൻ മടിയിൽ കിടന്നുവേണം
തരണം വരമീഭവാബ്ധിയെഞാൻ
തരണംചെയ്വതിനായുപായമന്യേ."

ക്കും രക്ഷ നൽകുന്നതിൽ അത്ര തൽപരനായിരുന്നതിനാൽ എല്ലായിടത്തും നടന്ന ഘോരസത്വങ്ങളെ വേട്ടയാടിയും ഹിംസിച്ചും ജനങ്ങൾക്ക് അഭയം നൽകി. നിരുപദ്രവികളായ സാധുജനങ്ങളെ മററുള്ളവരുടെ മർദ്ദനത്തിൽനിന്നും എല്ലാവിധ ആപത്തുകളിൽനിന്നും രക്ഷിക്കയും ചെയ്തു. ഈ വീരപുരുഷനെപ്പററി ഗ്രീക്ക തത്വജ്ഞന്മാരിൽ അത്ര ഗണ്യനായ സോക്രട്ടീസ് ഒരു വൃത്താന്തം രേഖപ്പെടുത്തിട്ടുണ്ട്. അതിങ്ങനെയാണ്:-

ഹെർക്യുലിസ് ബാല്യദശ വിട്ടു വളർന്നുവന്ന കാലത്ത് ഒരുദിവസം താനേ ഇരുന്നു തന്റെ ഭാവി ജീവിതത്തെപ്പററി ചിന്തിക്കയായിരുന്നു: അപ്പോൾ അമാനുഷികപ്രഭാവത്തോടുകൂടിയ രണ്ടു സ്ത്രീരൂപങ്ങൾ അയാളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ആ ദേവിമാരിൽ ഒരാൾ സുന്ദരിയും പ്രസന്നപ്രകൃതിയോടുകൂടിയവളുമായിരുന്നു ചാരിത്ര്യത്തിന്റെ ലക്ഷ്യമായ ഒരു കാന്തിവിലാസം അവളിൽ കളിയാടി. അവളുടെ മട്ടും ദൃഷ്ടിയുമെല്ലാം വിനയത്തെ സൂചിപ്പിച്ചു. അവൾ ശുഭ്രവസ്ത്രങ്ങൾ അണിഞ്ഞിരുന്നു. ശാന്തസുന്ദരമായിരുന്നു അവളുടെ എല്ലാ ഭാവങ്ങളും.

എന്നാൽ മററവൾ കോമളരൂപിണിയും എന്നാൽ ഉജ്ജ്വലപ്രകൃതിയുമായിരുന്നു. അവളുടെ വേഷഭൂഷകളും വിചിത്രങ്ങളായിരുന്നു. അവ അത്ര സാധാരണമോ തികച്ചും ഇണങ്ങുന്നവയോ ആയിരുന്നില്ലെന്നു പറയാം. പൊതുവെ അവളുടെ മട്ടും ഭാവവുമെല്ലാം കുറെ കർക്കശമായി തോന്നി. ദൃഷ്ടി പതിച്ചുള്ളതായിരുന്നു അവളുടെ നോട്ടം. അംഗസൗന്ദര്യമെല്ലാം പ്രകാശിപ്പിക്കുന്ന രീതിയിൽ ചമഞ്ഞൊരുങ്ങിയാണ് അവൾ വന്നിരുന്നതു്. ഇടയ്ക്കിടയ്ക്ക് അവൾ തന്റെ ദേഹസൗന്ദര്യവും മനോഹരവേഷവും നോക്കിക്കണ്ടു സ്വയം രസിക്കുകയും മററുള്ളവർ തന്നെ കണ്ടു രസിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കയും ചെയ്തിരുന്നു. ചിലപ്പോൾ പുറകോട്ടു തിരിഞ്ഞു നോക്കുകകൂടി ചെയ്തു. ഹെർക്യുലിസ് ഇരുന്നിടത്തേക്കു സമീപിക്കയിൽ അവരിൽ ആദ്യം പറഞ്ഞവൾ സാവധാനം നടന്നു. മററവളാകട്ടെ അവളെ മുന്നിട്ട് ഓടിച്ചെന്നു ഹെർക്യുലീസിനോടു പറഞ്ഞു: "ഹെർക്യുലിസെ! എനിക്കറിയാം നിങ്ങൾ ഭാവിയെപ്പററി ചിന്തിച്ചുകൊണ്ടിരിക്കയാണെന്ന്, ഏതുവിധം നിങ്ങളുടെ ജീവിതഗതിയെ രൂപപ്പെടുത്തണമെന്നാലോചിക്കയാണെന്ന്. എന്നെ നിങ്ങളുടെ സഖിയായി സ്വീകരിക്കുക. എളുപ്പമുള്ളതും സുഖപരിപൂർണ്ണവുമായ മാർഗ്ഗത്തിലൂടെ ഞാൻ നിങ്ങളെ നയിക്കാം. ആഗ്രഹിക്കുന്ന സുഖങ്ങളിൽ ഒന്നും നിങ്ങൾക്കു കുറവു വരില്ല. ജീവിച്ചിരിക്കുന്ന കാലത്തോളം ഒരുവിധ ക്ലേശവും നിങ്ങളെ ബാധിക്കയുമില്ല. തൊഴിലിനെപ്പററി വിചാരിച്ചു വ്യഗ്രനാകേണ്ടിവരില്ല; തിന്നും കുടിച്ചും കണ്ടാനന്ദിച്ചും കേട്ടു രസിച്ചും നല്ല നല്ല വകയെ അന്വേഷിച്ചും അനുഭവിച്ചും കാലം കഴിക്കാം; വിനോദിക്കാം; നല്ല ശയ്യയിൽ സുഖനിദ്ര ചെയ്യാം. ഇവ ഓരോന്നും യാതൊരു പ്രയത്നവും കൂടാതെ നിങ്ങൾക്കു സാധിക്കാം. എങ്ങനെ ഇതെല്ലാം സാധിക്കുമെന്നു നിങ്ങൾ ശങ്കിക്കുന്നുണ്ടോ? ശങ്കവേണ്ടാ. നിങ്ങൾക്കു ദേഹക്ലേശമോ മനഃപ്രയാസമോ നേരിടാതെ ഞാനിതെല്ലാം സാധിച്ചുതരുന്നുണ്ട്. മററുള്ളവരുടെ പ്രയത്നത്തിന്റെ ഫലംകൊണ്ടു നിങ്ങൾ സുഖിച്ചുകൊണ്ടാൽ മതി എങ്ങനെ അതു ലഭിക്കുമെന്നോർത്തു ക്ലേശിക്കേണ്ടതില്ല. എന്നോടൊരുമിച്ചു ജീവിക്കുന്നവർക്ക് എവിടെയെന്നില്ല, സുഖമായി കാലംകഴിച്ചുകൂട്ടാനുള്ള കെൽപുണ്ടാകും". ഇത്രയും പറഞ്ഞപ്പോൾ, 'ഭവതിയുടെ പേരെന്താണ്'" എന്ന് ഹെർക്യുലിസ് ചോദിച്ചു.

അവൾ പ്രതിവചിച്ചു: "എന്നെ ഇഷ്ടപ്പെടുന്നവർ 'ആനന്ദം'' എന്നെന്നെ വിളിക്കുന്നു. അല്ലാത്തവർ 'തിന്മ' എന്നു വിളിച്ചു നിരസിക്കയും ചെയ്യുന്നു."

ഇത്രയും സംസാരം കഴിഞ്ഞപ്പോഴേക്കു മററവളും അടുക്കൽ വന്നെത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "ഹെർക്യുലിസേ! ഞാനും നിങ്ങളെ കാണാൻ തന്നെ വന്നിരിക്കുന്നു. നിങ്ങളുടെ അച്ഛനെയും അമ്മയെയും ഞാനറിയും. ഒരു ശിശുവായിരുന്ന കാലംമുതൽ നിങ്ങളുടെ വളർച്ച ഞാൻ ശ്രദ്ധിച്ചു കണ്ടുകൊണ്ടിരുന്നു. നിങ്ങൾ ഞാൻ നയിക്കുന്ന മാർഗ്ഗത്തിലേക്കു തിരിയുന്നതായാൽ വലിയ കാര്യങ്ങൾ സാധിച്ച് എന്റെ പ്രശസ്തിയെയും വർദ്ധിപ്പിക്കും. ആ മാ

ർഗ്ഗത്തിൽ ആദ്യന്തം ആനന്ദംതന്നെ ആയിരിക്കുമെന്നു പറഞ്ഞു ഞാൻ നിങ്ങളെ വഞ്ചിക്കയില്ല. എന്നാൽ നേരുതന്നെ ശരിക്കു പറഞ്ഞുതരാം: പ്രയത്നവും ക്ലേശവും കൂടാതെ യാതൊന്നും ദൈവം മനുഷ്യർക്കു നൽകുന്നില്ല. ദൈവത്തിന്റെ കൃപ വേണമെങ്കിൽ ദൈവത്തെ സേവിക്കണം. നിങ്ങളുടെ ഒരു സ്നേഹിതൻ നിങ്ങളെ സ്നേഹിക്കണമെന്നുണ്ടെങ്കിൽ അതു നിങ്ങൾ അർഹിക്കുകൂടി വേണമല്ലോ. നിങ്ങളുടെ നഗരവാസികൾ നിങ്ങളെ മതിക്കയും ആദരിക്കയും ചെയ്യണമെങ്കിൽ നിങ്ങൾ നഗരത്തിൽ നല്ല കാര്യങ്ങൾ നിർവഹിക്കണം. സ്വദേശത്തു ബഹുമാനിക്കപ്പെടണമെങ്കിൽ രാജ്യാഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കണം. സ്വന്തവയലുകളിൽ നല്ല വിളവുണ്ടാകണമെങ്കിൽ എന്നും ജാഗ്രതയോടെ അതിൽ പണിയെടുക്കണം; അതു നോക്കിക്കൊണ്ടിരിക്കണം. കന്നുകാലികളെക്കൊണ്ടു സമ്പത്തുണ്ടാക്കണമെങ്കിൽ അവയെ പരിപാലിക്കണം. ദേഹം കരുത്തുള്ളതായിരിക്കണം. ബുദ്ധി അതിനെ കീഴ്പ്പെടുത്തി വേലകൊണ്ടും വ്യായാമംകൊണ്ടും അതിനെ ദൃഢമാക്കണം. "തിന്മ" ഇടയ്ക്കു കയറി പറഞ്ഞു. "ഇത്രയുംകൊണ്ടു മനസ്സിലായില്ലേ എന്തു വൈഷമ്യമേറിയതും എത്ര നീണ്ടതുമായ ഒരു ആനന്ദപന്ഥാവാണു് ഇവൾ നിങ്ങൾക്കു കാണിച്ചുതരുന്നതെന്നു്? ഞാൻ കാണിച്ചുതരുന്ന മാർഗ്ഗം എത്ര കുറിയതു്, എത്ര എളുപ്പമുള്ളതു്!"

"നന്മ" അതായിരുന്നു മററവളുടെ പേർ—ഇതിനുത്തരമായി പറഞ്ഞു. "അസത്തേ ബുദ്ധിമുട്ടാ ക്ലേശവും കൂടാതെ എന്താനന്ദമാണു നീ സാധിക്കുന്നതു്? എന്തു നല്ല കാര്യമാണു നേടുന്നതു്? കൊള്ളാം, രുചിയുള്ള തീനു കാത്തിരിക്കപോലും ചെയ്യാതെ അതു ജനിക്കുന്നതിനു മുമ്പുതന്നെ എല്ലാം ഭുജിച്ചുകൊള്ളാനാണു നീ പറയുന്നതു്! വിശക്കുന്നതിനു മുമ്പ ഭക്ഷിക്കുക! ദാഹിക്കുന്നതിനു മുമ്പു കുടിക്കുക! സ്വാദേറിയ പലഹാരങ്ങളുണ്ടാക്കാൻ നീ ഏർപ്പാടുചെയ്യുന്നു. കണക്കില്ലാതെ പണം വ്യയംചെയ്തു മദ്യമോരോന്നു ശേഖരിക്കുന്നു. വേനൽക്കാലത്തു തൊണ്ട നനയ്ക്കാൻ ഹിമം വേണം നിനക്കു്! സുഖമായി ഉറങ്ങുന്നതിനു നല്ല മൃദുമെത്ത വേണം—സ്പ്രിങ്ങുംകൂടി ഉണ്ടെങ്കിൽ കൊള്ളാം. നീ നിദ്രയ്ക്കായി കൊതിക്കുന്നു—ക്ഷീണിച്ചതുകൊണ്ടല്ല; മറെറാന്നും ചെയ്യാനില്ലാഞ്ഞു്! രാത്രി മുഴുവൻ നീ കോലാഹലമായി കഴിയുന്നു. പിന്നെ പകൽ ഏറിയപങ്കും ഉറക്കത്തിനു വിനിയോഗിക്കുന്നു. തിന്മേ! നീയും അനശ്വരമാണു്. പക്ഷേ നീ സ്വർഗ്ഗത്തിൽനിന്നു പുറംതള്ളപ്പെട്ടിരിക്കയാണു്. യോഗ്യന്മാരായ സകലരും നിന്നെ വെറുക്കുന്നു. നിന്നെ വല്ലവരും പ്രശംസിച്ചു കേൾക്കാറുണ്ടോ? ആ മധുരസ്വരം കേൾക്കാൻ നീ അർഹയല്ല. സാക്ഷാൽ ആനന്ദകരമായ ഒരു കാഴ്ചയും നീ കാണുന്നില്ല. എന്തെന്നാൽ നീ തന്നെ നല്ല കാര്യമൊന്നും ചെയ്യാറില്ല. നിന്റെ വാക്കു് ആരു വിശ്വസിക്കും? ആരു നിനക്കൊരുപകാരം ചെയ്യും? വകതിരിവുള്ള വല്ലവരും നിന്റെ സമ്പർക്കം ഇഷ്ടപ്പെടുമോ? നിന്നെ വേണ്ടതാർക്കാണു്? വിവേചനശക്തി നഷ്ടപ്പെട്ട വയസ്സന്മാർക്കും, ദേഹാരോഗ്യം ക്ഷയിച്ച യുവാക്കന്മാർക്കും. അലസതയിൽ കാലം കഴിച്ചുകൂട്ടി വാർദ്ധക്യത്തിൽ ക്ഷീണത്തിനും ക്ലാന്തിക്കും വിധിക്കപ്പെടുന്ന ചെറുപ്പക്കാർക്കും. യൗവനത്തിലെ കൊള്ളരുതായ്കകളാലുള്ള നാണംകേടും വയസ്സുകാലത്തനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾ സഹിച്ചും ഇങ്ങനെയുള്ളവർ ഉന്മേഷരഹിതരായിബ്ഭവിക്കുന്നു. നല്ല കാലത്തു് അവർ മതിമറന്നു സുഖിക്കുന്നു. അനന്തരകാലത്തേക്കു ദുരിതങ്ങൾ സമ്പാദിച്ചുവയ്ക്കുകയും ചെയ്യുന്നു.

എന്നാൽ ഞാൻ ദൈവസന്നിധിയിൽ വിഹരിക്കുന്നു; സത്തുക്കളുടെ സമൂഹത്തിൽ വർത്തിക്കുന്നു. ദൈവികവും മാനുഷികവുമായ യാതൊരു വേലയും എന്നെക്കൂടാതെ ഇല്ല. ദൈവവും ഉത്തമന്മാരായ മനുഷ്യരും എന്നെ ആദരിക്കുന്നു. ഞാൻ പണിയെടുക്കുന്നവനു് ഒരു സഖിയും ഗൃഹസ്ഥനു് ഒരു കാവൽക്കാരിയും, ദാസ്യവൃത്തി ചെയ്യുന്നവർക്കു് അനുകമ്പയുള്ള ഒരു കൂട്ടുകാരിയും, സമാധാനകാലങ്ങളിൽ വൈഷമ്യങ്ങൾ നേരിടുമ്പോൾ ശാന്തിയും സമാശ്വാസവും നൽകുന്ന ഉപകാരിണിയും, സമരം ചെയ്യേണ്ടിവരുമ്പോൾ നല്ലൊരു പിൻബലവും സഖ്യത്തിൽ വിശ്വസ്തയായ ഒരു സഹകാരിണിയും

ആകുന്നു. എന്നാൽ ഇഷ്ടപ്പെട്ടുന്നവർക്കു തീററിയിലും കുടിയിലുമുള്ള ആനന്ദവും തൃപ്തിയും യഥാർത്ഥമാണു്, അന്യൂനമാണു്; എന്തെന്നാൽ വിശപ്പും ദാഹവും തോന്നുമ്പോൾ മാത്രം അവർ ഭക്ഷിക്കുന്നു, കുടിക്കുന്നു. അവരുടെ നിദ്രയും അലസന്മാരായ മററുള്ളവരുടേതിനെ അപേക്ഷിച്ചു സുഖനിദ്രയാണു്. ഉറങ്ങിക്കഴിഞ്ഞാൽ യാതൊരു മടിയും കൂടാതെ അവർക്കുണരാം; കൃത്യവിലോപം വരുത്തിക്കൊണ്ടുള്ള നിദ്ര അവർക്കില്ലതാനും. യുവാക്കന്മാർ മുതിർന്നവരെ തങ്ങളുടെ മാതൃകയായി സ്വീകരിക്കുന്നു. മുതിർന്നവരാകട്ടെ, യുവാക്കളുടെ വിദ്യാഭ്യാസക്രമങ്ങളിൽ അഭിമാനിക്കയും ആനന്ദിക്കയും ചെയ്യുന്നു. എന്റെ മിത്രങ്ങൾ ഓരോ പ്രവൃത്തിയും ചെയ്യുന്നതു സന്തുഷ്ടിയോടുകൂടിയാണു്. ഓരോന്നും നിർവഹിച്ചുകഴിഞ്ഞാൽ പൂർണ്ണമായ അലംഭാവവും അവർക്കുണ്ടു്. ദൈവവും മനുഷ്യരും ലോകവും അവരെ ആദരിക്കുന്നു. വിധിക്കൊത്തവണ്ണം ആ അന്ത്യസമയം വരുമ്പോൾ അവരുടെ നേട്ടങ്ങൾ വിസ്മരിക്കപ്പെടുന്നില്ല; മരിച്ചു്, കാലകാലത്തോളം അവ അനുസ്മരിക്കപ്പെടുന്നു, പ്രകീർത്തിക്കപ്പെടുന്നു. ആകയാൽ ഉത്തമനായ ഹെർക്യൂലിസേ, കണ്ടാലും അന്ത്യംവരെ ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കുക, വേലചെയ്യുക; സംപൂർണ്ണമായ ആനന്ദവും സംതൃപ്തിയുമായിരിക്കും ഫലം."

പക്ഷെ ഹെർക്യൂലിസിനു് എന്തു സംഭവിച്ചു? അയാളുടെ ജീവിതം ദുരിതപൂർണ്ണമായ ഒരു മരണത്തിൽ കലാശിച്ചു. അയാൾ തന്റെ യുദ്ധങ്ങൾക്കിടയ്ക്കു് അടിമയായി കൈക്കൊണ്ട അതിസുന്ദരിയായ ഒരു യുവതിയിൽ അനുരക്തനായിത്തീർന്നതറിഞ്ഞു്, അയാളുടെ ഭാര്യ പ്രതികാരത്തിനു മുതിർന്നു. ഉഗ്രവിഷം പുരട്ടിയ ഒരുടുപ്പ് അയാൾക്കു സമ്മാനിച്ചു; അതു ധരിച്ചതിനാൽ ദേഹമെല്ലാം വ്രണം ബാധിച്ചു് അയാൾ മരിച്ചു. എന്തൊരധഃപതനം! ആ മഹത്തായ സിദ്ധികളും ഇങ്ങനെയുള്ള കലാശവും! എന്നാൽ ലോകത്തിൽ സാധാരണ സംഭവിക്കുന്നതിങ്ങനെയല്ലേ? ആദർശത്തിനൊപ്പിച്ചു് അവസാനംവരെ ജീവിക്കാൻ വളരെ പ്രയാസമായിട്ടാണു് അനുഭവംകൊണ്ടു നാം കാണുന്നതു്. ഹെർക്യൂലിസിനു സാധിച്ചെടത്തോളം ആദർശത്തിനെ ആ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ അധികം പേർക്കു കഴിഞ്ഞെന്നു വരുന്നതുമല്ല.

വാസ്തവമിതാണു്: നല്ല നല്ല ഉപദേശങ്ങൾക്കു യാതൊരു പഞ്ഞവുമില്ല: അത്തരം ഉപദേശങ്ങൾകൊണ്ടു നിറഞ്ഞ ഗ്രന്ഥങ്ങൾ വായിച്ചുതീർക്കുകതന്നെ അസാദ്ധ്യം. ഹെർക്യൂലിസിനു വേണ്ടിയിരുന്നതും എല്ലാ മനുഷ്യർക്കും വേണ്ടിയിരിക്കുന്നതും ആത്മീയചൈതന്യം അഥവാ ധാർമ്മികശക്തി എന്നുള്ളതാണു്. ഒരു റോമൻകവി പാടീട്ടുണ്ടു്: "നല്ലതു കണ്ടു പുകഴ്ത്തും; പക്ഷെ, നല്ലതല്ലാത്തതു ചെയ്യും" എന്നു്. അപ്പോസ്തലനായ സെന്റു് പോളും പറയുന്നു: "നന്മ വേണമെന്നു തോന്നിയാലും അതു ചെയ്യുന്നില്ല; തിന്മ അരുതെന്നു തോന്നിയാലും പ്രവർത്തിക്കയും ചെയ്യും." ഈ വൈരുദ്ധ്യം കണ്ടുള്ള വേദനയോടുകൂടി ആ വിശുദ്ധൻ വീണ്ടും പറയുന്നു: "മാരകമായുള്ള ഈ യുദ്ധത്തിൽനിന്നു് ആർ എന്നെ രക്ഷിക്കും?" അതിനുത്തരവും ഉടനെ ഉണ്ടു്: "നമ്മുടെ കർത്താവായ യേശുമശിഹാവഴിയായി ഞാൻ ദൈവത്തിനു സ്തോത്രംചെയ്യുന്നു." (റോമ. 7:25)

യേശുവിന്റെ ചൈതന്യം ഉള്ളിൽ കുടികൊണ്ടിരുന്നതിനാലാണു പത്രോസിനെയും പൗലൂസിനെയുംപോലെ അജ്ഞാതന്മാരും സമ്പത്തും സ്ഥാനമാനങ്ങളുമില്ലാത്തവരുമായ ആളുകൾക്കു, ലോകത്തിന്റെ നാനാഭാഗങ്ങളിലും ചെന്നു തങ്ങളുടെ നാഥന്റെ തത്വങ്ങളെ പ്രചരിപ്പിക്കാനുള്ള ധൈര്യവും വൈഭവവും ഉണ്ടായതു്. അവരെ തുടർന്നു് എല്ലാത്തരക്കാരുമായി സംഖ്യയററ ജനങ്ങൾ തങ്ങളുടെ ആത്മീയാവശ്യങ്ങൾക്കുള്ള ദിവ്യൗഷധം യേശുവിൽ കണ്ടെത്തി. ആ ചൈതന്യത്താൽ പ്രേരിതരായി എത്രയെത്ര മിഷ്യനറിമാരാണു വീടുംനാടുമുപേക്ഷിച്ചു് ഇൻഡ്യയിലും ഇതരദേശങ്ങളിലും വന്നു കോളേജുകൾ, സ്കൂളുകൾ, ആസ്പത്രികൾ, ആതുരാലയങ്ങൾ മുതലായവ സ്ഥാപിച്ചു മാനവസമുദായത്തെ ഉദ്ധരിക്കുന്നതിനുള്ള വേലകളിൽ വ്യാപൃതരായിരിക്കുന്നതു്! നമ്മുടെ രാജ്യത്തിന്റെ അത്ഭുതാവഹമായ അഭിവൃദ്ധിയിൽ മഹത്തായ ഒരു സേവനമാണു് അവർ അനുഷ്ഠിച്ചിട്ടുള്ളതു്. ഇന്നു ലോകത്തിൽ പല രാ

എത്യോപ്യൻ സഭ.

[സമാധാനസമ്മേളനാദ്ധ്യക്ഷനായ അബൂനായുടെ എഴുത്തിൽനിന്നും]

(റവ. ഫാദർ ഐ. ഡാനിയേൽ ഡി. ഡി., എഫ്.പി എച്ച്.എസ്സ്., ചേപ്പാട്ട്)

മലങ്കര സുറിയാനിസഭയുടെ ചരിത്രം വളരെ കൗതുകത്തോടുകൂടി ഞാൻ വായിക്കയും അതിനിടയായതിൽ സന്തോഷിക്കയും ചെയ്യുന്നു. പ: കാതോലിക്കാബാവാ തിരുമനസ്സിലെ ഫോട്ടോ ലഭിച്ചതിൽ വളരെ കൃതാർത്ഥതയുണ്ടു്. ഇവിടുത്തെ സഭയെപ്പററി ചില കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ.

ബി. സി. 980-ൽ ശാലോമോൻരാജാവു പലസ്തീൻനാടു ഭരിക്കുന്ന കാലത്തുതന്നെ ദൈവത്തിൻെറ സത്യവചനത്തിലുള്ള വിശ്വാസം എത്യോപ്യയിൽ ഉണ്ടായിരുന്നു. യൂറോപ്പിൽ ക്രിസ്തുമാർഗ്ഗം അറിയപ്പെടുന്നതിനു വളരെ മുമ്പു ക്രിസ്തുമതാവിർഭാവകാലത്തുതന്നെ ക്രിസ്തുമതം എത്യോപ്യയിൽ പ്രചരിച്ചു. 'ബസിൻ" രാജാവിനുശേഷം അഞ്ചാമത്തെ ഭരണാധിപനായ 'കൻഡേസ്" യരുശലേമിൽ തീർത്ഥയാത്ര പോയി തിരിച്ചുവരുന്നവഴി അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുംപ്രകാരം അപ്പോസ്തലനായ പീലിപ്പോസിനെ കണ്ടുമുട്ടുകയും അദ്ദേഹത്തിൽനിന്നു മാമോദീസാ ഏററു ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു.

ക്രിസ്തുമതം ആരംഭകാലത്തുതന്നെ എത്യോപ്യയിൽ ആവിർഭവിച്ചു എങ്കിലും എ. ഡി. 290-ൽ എത്യോപ്യാ ഭരിച്ചിരുന്ന അബ്രാഹാ, അത്സുബാഹാ എന്ന രണ്ടു സഹോദര രാജാക്കന്മാർ മുതലാണു ക്രിസ്തുസഭയ്ക്കു് അവിടെ പ്രാബല്യം ലഭിച്ചതു്. അന്നുമുതൽ എത്യോപ്യാ ഭരിച്ചിരുന്ന രാജാക്കന്മാരെല്ലാം ക്രിസ്ത്യാനികളാണു്. അക്കാലത്തു ഫ്രുമെൻഷ്യസ് എന്ന ഒരു വിദേശി എത്യോപ്യയിൽ വന്നു വളരെക്കാലം താമസിച്ചു. അദ്ദേഹം രാജസന്നിധിയിൽ ക്രിസ്തുമതത്തെപ്പററി പ്രസംഗിക്കയും എത്യോപ്യയിൽ ഒരു ബിഷപ്പിൻെറ ആവശ്യകതയെ സംബന്ധിച്ചു് അറിയിക്കയും ചെയ്തു. ഫ്രുമെൻഷ്യസ് ഈജിപ്തിൽ പോയി പട്ടമേററുവരുന്നതിനു് ഈ രാജാക്കന്മാർ അദ്ദേഹത്തോടാവശ്യപ്പെട്ടു. അതനുസരിച്ചു ഫ്രുമെൻഷ്യസ് പട്ടമേററു് എത്യോപ്യയിലെ ഒന്നാമത്തെ മെത്രാപ്പോലീത്തായായിത്തീർന്നു. "പ്രകാശത്തെ വെളിപ്പെടുത്തുന്നവൻ" എന്നർത്ഥമുള്ള 'കസാത്ത ബർഹാൻ' എന്ന സ്ഥാനപ്പേരു് ഫ്രുമെൻഷ്യസിനു നൽകപ്പെട്ടു. സാമ്രാജ്യത്തിൽ ക്രിസ്തുമതപ്രചരണാർത്ഥം അദ്ദേഹത്തെ സഹായിപ്പാനായി പല ബിഷപ്പന്മാരെ അദ്ദേഹം വാഴിച്ചു. അലക്സന്ത്രിയായിലെ ഓർത്തോഡോക്സ് ക്രിസ്ത്യൻ സഭയുമായി ബന്ധപ്പെട്ടതു മുതൽ സഭാതലസ്ഥാനം അക്സൂമിൽ ആക്കി. ചെങ്കടൽ മുതൽ

ജ്യങ്ങളെയും ദയനീയമായ ദുരിതവും ആപത്തുകളും ബാധിച്ചിരിക്കയാണു്; മർദ്ദനം എവിടെയും കളിയാടുന്നു, കഷ്ടത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജനതകൾ അല്ലെങ്കിൽ അവരുടെ ഭരണകർത്താക്കൾ ദൈവത്തിൽനിന്നകന്നു സ്വബുദ്ധിയെയും സ്വന്തം വൈഭവത്തെയും മാത്രം ആശ്രയിച്ചു രാഷ്ട്രീയങ്ങളുടെ ഭാഗധേയങ്ങൾ നിയന്ത്രിക്കാൻ മുതിരുന്നതാണു് ഈ ദുരവസ്ഥയ്ക്കു കാരണം. എന്നാൽ യേശുവിൻെറ വചനം എന്നും അർത്ഥവത്തായിത്തന്നെ വിളങ്ങുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എൻെറ പക്കൽ വരുവിൻ; ഞാൻ നിങ്ങൾക്കു ശാന്തിയെ പ്രദാനംചെയ്യും. ഞാൻ തരുന്ന നുകത്തെ നിങ്ങൾ ധരിക്കുക; എന്തെന്നാൽ ഞാൻ ശാന്തനും ഹൃദയാനുഭാവമുള്ളവനുമാകുന്നു; വരുക, നിങ്ങൾ ആത്മാവോളം ആശ്വാസം കണ്ടെത്തും; എൻെറ നുകം പ്രയാസമററതും ഞാൻ നൽകുന്ന ഭാരം ലഘുവുമാകുന്നു." (മത്താ. 11: 28—30)

* എപ്പിഫനിയിൽനിന്നും എടുത്തതു്.

പള്ളികൾ ആരുടേതു്?

(എം. സി. കുറിയാക്കോസ് റമ്പാൻ)

കുരിശിന്റെ ദർശനം ആകാശത്തിൽ കണ്ടു്, കുരിശിന്റെ ശക്തിയാൽ ജയാളിയായി, ക്രിസ്തുവിൽ വിശ്വസിച്ചു ക്രിസ്ത്യാനിയായി, ക്രിസ്തു കുരിശിക്കപ്പെട്ട കുരിശു സ്വമാതാവായ ഹെലേനിമൂലം കണ്ടുപിടിച്ച കുസ്തന്തീനോസ് രാജാവു് ഒരു പള്ളി പണിയുവാൻ തീരുമാനിച്ചു. "ജനത്തോടു പറയുക, അവർ വഴിപാടുകളും സ്വമേധാദാനങ്ങളും കൊണ്ടുവരട്ടെ", എന്ന ദിവ്യനിർദ്ദേശത്തിനു വിപരീതമായി അദ്ദേഹം സ്വന്ത ചെലവിൽ മാത്രമത്രെ അതു പണിയുവാൻ നിശ്ചയിച്ചതു്. അപ്രകാരം അദ്ദേഹം പ്രഖ്യാപനവും ചെയ്തു. അദ്ദേഹംതന്നെ അതിനു് അടിസ്ഥാനമിട്ടു. ക്രമേണ പള്ളി പണി പൂർത്തിയായി. അതിന്റെ മുഖാരത്തിൽ ഒരു മാർബിൾശില അദ്ദേഹം സ്ഥാപിച്ചു: "ഈ പള്ളി കുസ്തന്തീനോസ് രാജാവിനാൽ പണിയിക്കപ്പെട്ടു," എന്നൊരു ലിഖിതം ആ ശിലയിൽ കൊത്തിക്കപ്പെട്ടിരുന്നു. അതിമനോഹരമായ ഒരു ദേവാലയമായിരുന്നു അതു്. അതു മുറപ്രകാരം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു.

പിറ്റേദിവസം രാജാവു പള്ളിയിലേക്കു പോയി. പള്ളിയുടെ മുമ്പിൽ എത്തിയപ്പോൾ മുഖാരത്തെ നോക്കി. ആ മാർബിൾശില

ഇന്ത്യൻ മഹാസമുദ്രംവരെയും രാജ്യമാസകലം പള്ളികൾ പണിയപ്പെട്ടു.

പള്ളികൾ പണിയിക്കുന്നതിലും പട്ടക്കാരുടെ ജീവസന്ധാരണത്തിനു വസ്തുക്കൾ ദാനം ചെയ്യുന്നതിലും വൈദികവിദ്യാഭ്യാസപ്രോത്സാഹനത്തിലും ക്രിസ്തീയ രാജാക്കന്മാർ വളരെ ഔത്സുക്യം പ്രദർശിപ്പിച്ചു. ഏകദേശം എ.ഡി. 1515-ാമാണ്ടു് 'ലിബ്നാഡിൻജിൽ" എന്ന രാജാവു് എത്യോപ്യാ ഭരിക്കുമ്പോൾ "ഗിറാഗൻ" എന്ന ഒരു മഹമ്മദീയൻ രാജ്യത്തെ ആക്രമിച്ചു പള്ളികളും പുസ്തകസഞ്ചയങ്ങളും തീവച്ചു നശിപ്പിക്കയും ക്രിസ്ത്യാനികളെ പീഡിപ്പിക്കയും ചെയ്തു. മതപരമായ സാഹിത്യങ്ങൾ ഗുഹകളിലും ഭൂമിക്കടിയിലും സൂക്ഷിക്കുന്നതിനു പ്രേരിപ്പിക്കപ്പെടാൻ തക്കപോലെ പീഡ അത്ര കഠിനമായിരുന്നു. ഒളിച്ചുവയ്ക്കപ്പെട്ട പല പുസ്തകങ്ങളും സ്ഥലനിശ്ചയമില്ലാത്ത ഭൂമിക്കടിക്കു് ഇപ്പോഴും ഇരിക്കുന്നവയുമുണ്ടു്. മഹമ്മദീയനായ ഗിറാഗന്റെ ആക്രമണശേഷം രാജ്യഭാരം ചെയ്ത "ഗലാഡിയോസ്" രാജാവു സാമ്രാജ്യത്തെ പുനരുദ്ധാരണംചെയ്കയും നശിപ്പിക്കപ്പെട്ട പള്ളികൾ എല്ലാം വീണ്ടും പണിയിക്കയും ചെയ്തു. 1935-ലെ ഇറ്റാലിയൻ ആക്രമണകാലത്തു വീണ്ടും ഓർത്തഡോക്സ്സഭയ്ക്കു് എത്യോപ്യായിൽ പീഡയുണ്ടായി. എന്നാൽ ഇപ്പോൾ സഭ വളരെ പുരോഗമനോന്മുഖമായിത്തന്നെ സ്ഥിതിചെയ്യുന്നു.

മതപരമായ വിദ്യാഭ്യാസവർദ്ധനവിനായി ചുമതലപ്പെട്ട ചക്രവർത്തിയുടെ പിൻതുണയുള്ള ഒരു വൈദികകൗൺസിൽ ഇപ്പോൾ എത്യോപ്യായിൽ ഉണ്ടു്. രാജ്യവ്യാപകമായ മതബോധനം കൊടുക്കത്തക്ക വിധത്തിൽ ഈ കൗൺസിൽ ധാരാളം വൈദികസിമ്മനാരികൾ സ്ഥാപിക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചുവരുന്നു. വൈദികകൗൺസിൽ മുഖാന്തിരം സഭ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുമായി യോജിച്ചു സാധാരണ വിദ്യാഭ്യാസത്തിനു പുറമെ ആത്മീയവിദ്യാഭ്യാസം ജനങ്ങൾക്കു കൊടുക്കുന്നതിനു വളരെ പരിശ്രമിക്കുന്നുണ്ടു്. സ്കൂൾ പാഠപദ്ധതിയിൽ മതബോധനത്തിനു പ്രത്യേക സ്ഥാനം കല്പിച്ചിരിക്കുന്നു. എത്യോപ്യൻ ഓർത്തഡോക്സ്സഭ അതിന്റെ പാരമ്പര്യങ്ങളിലും മതാനുഷ്ഠാനങ്ങളിലും ശ്രദ്ധ പതിപ്പിക്കുന്നതിനും പുറമെ ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിൽ അതീവതാല്പര്യം പ്രദർശിപ്പിക്കുന്നു എന്നുള്ളതു സഭയ്ക്കു ശുഭോദർക്കമായ ഒരു ഭാവിയെ കുറിക്കുന്നതാണു്.

....

യിൽ അദ്ദേഹത്തിന്റെ പേരല്ല കാണപ്പെട്ടതു്. അദ്ദേഹം സൂക്ഷിച്ചുനോക്കി. ലിഖിതം മാറിക്കണ്ടു. "ഈ പള്ളി ആയാസോഫിയായാൽ പണിയിക്കപ്പെട്ടു," എന്നായിരുന്നു പുതിയ ലിഖിതം. രാജാവു കോപിച്ചു. ആ ലിഖിതം ഉടൻ മായിച്ച് ആദ്യത്തേതുപോലെതന്നെ എഴുതുവാൻ അദ്ദേഹം ആജ്ഞ നൽകി. അപ്രകാരം എഴുതപ്പെടുകയും ചെയ്തു. എന്നാൽ പിറേറദിവസം രാവിലെ രാജാവു ചെന്നു നോക്കിയപ്പോൾ തന്റെ പേരിന്റെ സ്ഥാനത്തു സോഫിയായുടെ നാമം കാണപ്പെട്ടു. വീണ്ടും ആ പേരു മായിച്ചു. മൂന്നാംപ്രാവശ്യവും രാജാവിന്റെ നാമം ആ തൽസ്ഥാനത്തു് എഴുതപ്പെട്ടു. എന്നാൽ, അത്ഭുതമെന്നേ പറയേണ്ടു, അജ്ഞാതമായൊരു കൈ ആ നാമം മായിച്ചു് ആയാസോഫിയായുടെ നാമം ആ സ്ഥാനത്തു പിന്നെയും എഴുതിയിരുന്നു.

അതു് ആരുടെ കൈ എന്നു രാജാവു വിസ്മയിച്ചു: അതു ദൈവത്തിന്റെ കൈതന്നെ എന്നദ്ദേഹം ഉറച്ചു. സോഫിയാ ആർ എന്നദ്ദേഹം അന്വേഷിച്ചു. ആ പേരുള്ളതായി സാധുവായ ഒരു സ്ത്രീയെ മാത്രമെ കണ്ടുപിടിക്കുവാൻ സാധിച്ചുള്ളു. അവളെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ രാജാവു പടയാളികളെ അയച്ചു. അവൾ കൊട്ടാരത്തിൽ രാജസന്നിധിയിലേക്കു കൊണ്ടുവരപ്പെട്ടു. അവൾ ഭയവിഹ്വലയായി വിറച്ചു: രാജാവു കോപഭാവേന അവളോടു ചോദിച്ചു: "ഞാൻ പണിയിച്ച പള്ളിക്കു നീ എന്തെങ്കിലും കൊടുത്തിട്ടുണ്ടോ? ജീവൻ വേണമെങ്കിൽ നേരു പറയണം". ആ സാധ്വി കരഞ്ഞുകൊണ്ടു പറഞ്ഞു. "അടിയൻ ദരിദ്രരിൽ ദരിദ്രയാണു്. രാവിലെ മുതൽ സന്ധ്യവരെ തുന്നൽപണി നടത്തിയാണു് അടിയൻ ഉപജീവിക്കുന്നതു്. കൊടുപ്പാൻ അടിയനു യാതൊന്നുമില്ല. അടിയൻ ഒരു കാശുപോലും കൊടുത്തിട്ടുമില്ല." "ഞാൻ പണിയിച്ച പള്ളിയുടെ ചുവരിൽ ഞാൻ സ്ഥാപിച്ച കല്ലിൽ ഞാൻ കൊത്തിച്ചിരുന്ന എന്റെ പേരു മാറി നിന്റെ പേരു് വന്നതു് എങ്ങിനെ? നീ യാതൊന്നുംതന്നെ കൊടുത്തിട്ടില്ലയോ?" എന്നു രാജാവു വീണ്ടും ചോദിച്ചു. അവൾ ഉത്തരമായി പറഞ്ഞു: "അടിയൻ ഒരു കാശും കൊടുത്തിട്ടില്ല. എന്നാൽ പള്ളിപണിക്കുള്ള കല്ലുകൾ വണ്ടിയിൽ വലിച്ചുകൊണ്ടുവന്ന മൃഗങ്ങൾക്കു് അടിയൻ വെള്ളം കോരി കൊടുക്കുമായിരുന്നു: കുറേശ്ശെ പുല്ലും പറിച്ചുകൊടുക്കുമായിരുന്നു. എന്റെ ദൈവംതമ്പുരാനുവേണ്ടിയുള്ള വേലയിൽ ഉൾപ്പെട്ടുകൊണ്ടിരുന്ന മൃഗങ്ങളെ അങ്ങനെ സഹായിച്ചു എന്നേയുള്ളു. അടിയനു യാതൊരു ദുരുദ്ദേശവുമില്ലായിരുന്നു തിരുമേനി, അടിയനോടു കോപിക്കരുതേ: അടിയനോടു ക്ഷമിക്കണമേ"

ആ സ്ത്രീയുടെ മൊഴി കേട്ടപ്പോൾ രാജാവു ലജ്ജിതനായി. ദൈവം അവളുടെ ഹൃദയശുദ്ധിയിൽ തൃക്കൺപാർത്തു്, അവൾ മൃഗങ്ങൾക്കു കൊടുത്ത വെള്ളവും പുല്ലും വലിയ വഴിപാടായി സ്വീകരിച്ചു എന്നും അദ്ദേഹം ചെലവിട്ട നിരവധി പണത്തെക്കാൾ വിലയേറിയതായി ദൈവം അംഗീകരിച്ചതു് ആ വെള്ളവും പുല്ലും ആയിരുന്നു എന്നും അദ്ദേഹം ഗ്രഹിച്ചു. അദ്ദേഹം ദൈവമുമ്പാകെ വിനയപ്പെട്ടു വണങ്ങി: ദൈവത്തിന്റെ ശാസനയെ അദ്ദേഹം തിരിച്ചറിഞ്ഞു കീഴ്വണങ്ങി. രാജാധിരാജാവും സകലത്തിന്റെയും നാഥനുമായ ദൈവത്തെ ആദരിക്കുന്നതിൽനിന്നു് ആരെയും വിലക്കുവാൻ പാടില്ല എന്നു് അദ്ദേഹം പഠിച്ചു. രാജാവിനു് ആ സാധ്വിയോടു സഹതാപം തോന്നി കരുണാപൂർവം അവളോടു സംസാരിച്ചു. അനന്തരം സ്വഖജനാവിൽനിന്നു് അവളെ ധന്യയാക്കി തിരിച്ചയച്ചു.

കാലം കടക്കവെ, ആയാസോഫിയായെ സഭ പരിശുദ്ധയായി പ്രഖ്യാപനം ചെയ്തു. ഈ പള്ളി ആയാസോഫിയായാൽ പണിയിക്കപ്പെട്ടു എന്നു് അദൃശ്യഭുജങ്ങളാൽ എഴുതപ്പെട്ട ആ ദേവാലയത്തിനു സെൻറ് സോഫിയാസ് ചർച്ച് എന്നു നാമവുമായി.

യാതൊരു ദേവാലയത്തെക്കുറിച്ചും ആരുംതന്നെ എന്റെ പള്ളി എന്നോ ഞങ്ങളുടെ പള്ളി എന്നോ പറയരുതേ. പള്ളികളൊക്കെയും ദൈവത്തിന്റേതത്രെ. "ദൈവമേ, നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചു. നിന്റെ സിംഹാസനത്തിന്മുമ്പാകെ ഞാൻ വന്ദിച്ചു. നിനക്കു വിരോധമായി ഞാൻ ചെയ്ത സകല പാപങ്ങളും എന്നോടു ക്ഷമിക്കണമെ," എന്നല്ലാ

വാർത്തകളും കുറിപ്പുകളും

സിറിയൻ സ്റ്റുഡൻറ് കോൺഫറൻസ്.

ജനറൽ സെക്രട്ടറി റവ. ഡീക്കൻ എൻ. എം. തോമസ് എം. ഏ. അറിയിക്കുന്നതു്—

സിറിയൻ സ്ററുഡൻറ് കോൺഫ്രൻസിൻെറ 42-ാമതു വാർഷികം അടുത്ത മെയ് മാസം 1 മുതൽ 7 വരെ (മേടം 18-24) തീയതികളിൽ മാവേലിക്കര പുതിയകാവുപള്ളിയിൽവച്ചു നടത്തപ്പെടുന്നതാണു്.

മെയ് 7-ാംനു തിങ്കളാഴ്ച വൈകിട്ടു 7 മണിമുതൽ 3-ാംതീയതി ബുധനാഴ്ച 10 മണിവരെ ഓതറ ദയറാദ്ധ്യക്ഷൻ ഫാദർ ഇ. മത്യൂസിൻെറ നേതൃത്വത്തിൽ റിട്രീററ് ധ്യാനയോഗം നടത്തപ്പെടുന്നതായിരിക്കും. 3-ാംനു വൈകിട്ടു് 7 മണിമുതൽ 7-ാംനു ഞായറാഴ്ച 1 മണിവരെ കോൺഫ്രൻസ് നടത്തപ്പെടുന്നതാണു്. പ്രധാന പ്രാസംഗികൻ മി. പി. ഗാംഗുലി (ബങ്കാൾ) ആയിരിക്കും പ്രസംഗവിഷയങ്ങൾ താഴെ പറയുന്നവയായിരിക്കും.

1. Christian Ministry
   (ക്രിസ്തീയ അനുഷ്ഠാനങ്ങൾ)
2. Christian Worship
   (ക്രിസ്തീയ ആരാധന)
3. Evangelism is Free India
   (സ്വതന്ത്രഭാരതത്തിലെ സുവിശേഷവേല)
4. Christian Sacraments
   (കൂദാശകൾ)
5. The Bible
   (വേദപുസ്തകം)
6. Christianity and Communism
   (ക്രിസ്ത്യാനിത്വവും കമ്മ്യൂണിസവും)

കോൺഫ്രൻസിൽ സംബന്ധിക്കാൻ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി അവരുടെ പേരുകൾ രജിസ്റ്റർചെയ്യിക്കണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് വിദ്യാർത്ഥികൾക്കു 8 അണയും വിദ്യാർത്ഥികളല്ലാത്തവർക്കു് 1 രൂപയും ആയിരിക്കും. കോൺഫ്രൻസ് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കു ഡീക്കൻ എൻ. എം. തോമ്മസ്, വടവുകോട്ട്, തിരുവാങ്കുളം (കൊച്ചി) എന്ന വിലാസത്തിൽ എഴുതിയാൽ മതിയാകും. കോൺഫ്രൻസിൻെറ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നു പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഏതൊരു പള്ളിയിലേക്കും പ്രവേശിക്കുമ്പോൾ നമ്മൾ ചൊല്ലുന്നതു്.

പെരുമയോരാത്തുദാരമാം നീതിയാ-
ലരുമനാഥനായാലയം തീർക്കുവാൻ
കരുതുകില്ലതൻ പേരതിൽകൊത്തുവാ-
നാരുമേയറിയാതുയരത്തിലോർക്കുവാൻ

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സ്

കനകജൂബിലി

ചെപ്പാട്ട്-ഏപ്രിൽ 4

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ് കനകജൂബിലി സമ്മേളനവും, രണ്ടാമത്തെ വാർഷികയോഗവും 125 മേടമാസം 30-ാംതീയതി മുതൽ ഇടവം 1-ാംതീയതിവരെ ചരിത്രപ്രസിദ്ധമായ ചെപ്പാട്ട് ഓർത്തഡോക്സ് പള്ളിയുടെ പരിസരങ്ങളിൽവച്ചു സാഘോഷം കൊണ്ടാടുന്നതിനു നിശ്ചയിച്ചിരിക്കുന്നു. സഭയുടെ പുരോഗതിക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി ധീരധീരം പോരാടിയ ദിവ്യനായ ചെപ്പാട്ടു മാർ ദീവന്നാസ്യോസ് തിരുമനസ്സിലെ തിരുശേഷിപ്പുകൾ വിശ്രമിക്കുന്ന ഈ പുരാതീന ദേവാലയത്തിൽ ഈ കാലയളവിൽ നാം സമ്മേളിക്കുന്നതു് ഏററവും സമുചിതവും പ്രചോദനപ്രദവുമത്രെ. ഇൻഡ്യയിലെ അബിസീനിയൻ സ്ഥാനാപതി ബഹു: ഇമ്മാനുവേൽ ഏബ്രഹാം അവർകൾ സമ്മേളനം ഉൽഘാടനം ചെയ്യാമെന്നു സദയം സമ്മതിച്ചിട്ടുണ്ട്. സമ്മേളനത്തിൽ റിട്ട: ഹൈക്കോർട്ടു ജഡ്ജി ശ്രീമാൻ കെ. സി. ഏബ്രഹാം ആദ്ധ്യക്ഷം വഹിക്കുന്നതാണ്. സ്ത്രീകളുടെ സമ്മേളനത്തിൽ മിസ്സസ് ജോൺമത്തായി ആദ്ധ്യക്ഷം വഹിക്കുമെന്നു പ്രതീക്ഷിക്കുന്നു.

The Malankara Sabha.

License No: 475 dated 11 th April 1946 -- Reg. No- T- 61

വിജ്ഞാപനം

വരിസംഖ്യ മുൻകൂർ ഒരാണ്ടത്തേക്ക്	3 0 0
ആറുമാസത്തേക്ക്	1 8 0
തപാൽ	3 8 0
ഒററപ്രതി	0 4 0

വരിസംഖ്യ മാനേജർ "മലങ്കര സഭാമാസിക"—സുറിയാനി സിമ്മനാരി—കോട്ടയം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

സമുദായാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന വാർത്തകളും, ചെറുകഥകളും, കവിതകളും സഭയുടെ വിശ്വാസാചാരങ്ങൾ, കുടുംബജീവിതം, സ്ത്രീസമാജങ്ങൾ, യുവജനസമാജങ്ങൾ, സണ്ടേസ്കൂൾ പ്രവർത്തനം ഇവയെ പ്രതിപാദിക്കുന്ന ഉത്തമലേഖനങ്ങളും ക്ഷണിച്ചുകൊള്ളുന്നു.

ലേഖനങ്ങൾ തലേമാസം 25-ാംതീയതിക്കകം കിട്ടത്തക്കവിധത്തിൽ "പത്രാധിപർ, മലങ്കരസഭാമാസിക സുറിയാനിസിമ്മനാരി-കോട്ടയം" എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ദു:ഖവെള്ളിയാഴ്ച സ്ലീബാവന്ദനവിധിയുടെ ഗീതങ്ങൾ.

സമുദായആഫീസിൽ നിന്നും വി. കാതോലിക്കാബാവാ തിരുമനസ്സിലെ ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നു.

സുറിയാനിയിൽ നിന്നു മ. യാളത്തിലേക്കു സുറിയാനിലയത്തിൽതന്നെ ലളിതമായും അർത്ഥപുഷ്ടിയോടും കൂടി വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

പരിഭാഷകൻ:— ദി. ശ്രീ. വി. കെ. മത്യൂസ് കശ്ശീശാ ബി. എ. ബി. ഡി.

വിവർത്തകൻ:—മി. സി. പി. ചാണ്ടി, വെണ്ണിക്കുളം.

ആവശ്യക്കാർ സമുദായ ആഫീസ്, കോട്ടയം എന്ന വിലാസത്തിൽ എഴുതുക. (വില അണ 3)

പള്ളിമെഴുകുതിരികൾ

വന്ദ്യ പിതാക്കന്മാരുടെ ആശീസ്സുകൾ സിദ്ധിച്ചിട്ടുള്ളതും നിർമ്മലമായ മെഴുകുകൊണ്ടു ഉത്തരവാദിത്വത്തോടുകൂടി ഞങ്ങൾ ഉണ്ടാക്കുന്നതുമായ എല്ലാ സൈസ് പള്ളിമെഴുകുതിരികളും ഓർഡർ അനുസരിച്ചു ചെയ്തു കൃത്യസമയത്തു സ്ഥലത്തു എത്തിച്ചുകൊടുക്കുന്നതാണ്.

മാനേജർ,

കേരള കാൻഡിൽവർക്ക്സ്, അയ്ക്കരച്ചിറ, ഒളശ്ശ—കോട്ടയം.

കൂദശ് ഈത്തോ മുതൽ ആനിദേവരെയുള്ള എല്ലാ ഞായറാഴ്ചകളിലെയും
നമസ്കാരങ്ങളിൽ ഉപയോഗിക്കേണ്ട

—പ്രമിയോൻ—

ഭക്തിസംവർദ്ധകവും വിജ്ഞാനസമ്പൂർണ്ണവുമായ ഈ ഉത്തമഗ്രന്ഥം ഉത്തമ ക്രിസ്തീയ ജീവിതത്തിനു പ്രചോദനം നൽകുന്നതാണ്. താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

വില 3 രൂ. 8 ണ.

പഴയസിമ്മനാരി, കോട്ടയം.

Printed at the Town Press, Kottayam, and Published by the Rev. Fr. T. C. Jacob, Manager, Syrian Seminary, Kottayam.